# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചിറക്കൽ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ /സി.5/666/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 17/06/2022
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചിറക്കൽ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ചിറക്കൽ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചിറക്കൽ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ /സി.5/666/22 തീയ്യതി: 17/06/2022

## കണ്ണൂർ ജില്ലയിലെ ചിറക്കൽ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ ചിറക്കൽ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-08-2019 മുതൽ 31-12-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 35 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.സാബു പി.എസ്. | ഡെപ്യൂട്ടി ഡയറക്ടർ | 11-04-2022 | 28-04-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 11-04-2022 | 28-04-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.രമണി കിഴക്കീൽ ,ഓഡിറ്റ് ഓഫീസർ
ശ്രീമതി.റീന പിട്ടൻ,അസി ഓഡിറ്റ് ഓഫീസർ
ശ്രീമതി.സബിത.കെ ഓഡിറ്റർ
ശ്രീമതി.രമ്യ.ടി ഓഡിറ്റർ
ശ്രീ.ശ്രീനാഥ്.വി ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.സോമൻ എ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ.റാഷിദ് കെ ടി | സെക്രട്ടറി | 01-04-2019 | 05-12-2019 |
| ശ്രീ.സനിൽ കുമാർ കെ വി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 06-12-2019 | 17-12-2019 |
| ശ്രീ.മുഹമ്മദ് റഫീക്ക് പി | സെക്രട്ടറി | 18-12-2019 | 31-03-2020 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| റമീസ ഇ എം | കൃഷി ഓഫീസർ, | 01-04-2019 | 31-03-2020 |
| ഡോ .കാർത്തീകേയൻ ഇ | വെറ്ററിനറി സർജൻ | 01-04-2019 | 02-08-2019 |
| ഡോ.റിൻശ്രീ തെരേസ | വെറ്ററിനറി സർജൻ | 03-08-2019 | 06-10-2019 |
| ഡേ.സ്മിത എസ് പിള്ള | വെറ്ററിനറി സർജൻ | 07-10-2019 | 31-03-2020 |
| ഡോ.രതീഷ് കുമാർ എം | മെഡിക്കൽ ഓഫീസർ,ആയുർവേദം | 01-04-2019 | 03-12-2019 |
| ഡോ.ജീജ സി | മെഡിക്കൽ ഓഫീസർ,ആയുർവേദം | 04-12-2019 | 31-03-2020 |
| നവ്യ വേണുഗോപാൽ | അസ്സിസ്റ്റന്റ് എഞ്ചിനീയർ, | 01-04-2019 | 21-07-2019 |
| അമ്പിളി ഐ ബി | അസ്സിസ്റ്റന്റ് എഞ്ചിനീയർ, | 22-07-2019 | 25-08-2019 |
| ശില്പ കെ പി | അസ്സിസ്റ്റന്റ് എഞ്ചിനീയർ, | 26-08-2019 | 02-10-2019 |
| ചിത്ര എൻ | അസ്സിസ്റ്റന്റ് എഞ്ചിനീയർ, | 03-10-2019 | 18-12-2019 |
| അരവിന്ദ് ഇ എൻ | അസ്സിസ്റ്റന്റ് എഞ്ചിനീയർ, | 19-12-2019 | 31-03-2020 |
| നിഷ പി | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2019 | 22-12-2019 |
| രാജശ്രീ സി ടി | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 23-12-2019 | 31-03-2020 |
| നളിനി ടി | വി.ഇ.ഒ കാട്ടാമ്പള്ളി സർക്കിൾ | 01-04-2019 | 21-05-2019 |
| നിഷാ രാജൻ ഒ ആർ | വി.ഇ.ഒ കാട്ടാമ്പള്ളി സർക്കിൾ | 22-05-2019 | 31-03-2020 |
| സീമ ഡി | വി.ഇ.ഒ ചിറക്കൽ സർക്കിൾ | 01-04-2019 | 31-03-2020 |
| ഗംഗാഭായ് എൻ | ഹെഡ് മാസ്റ്റർ | 01-04-2019 | 31-03-2020 |

| | | | |
|---|---|---|---|
| വിജീഷ് പി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 31-03-2020 |
| ഡോ.രവീന്ദ്രൻ എം. | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | 01-04-2019 | 30-06-2019 |
| ഡോ.ഹഫ്നീസ മുഹമ്മദ് | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | 01-07-2019 | 31-03-2020 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Remani Kizhakkeel (Audit Officer, On 27-04-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 17-06-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Remani Kizhakkeel (Audit Officer, On 27-04-2022)<br>Last Updated By: Remani Kizhakkeel (Audit Officer, On 15-06-2022) | 1-2 |
| 3 | വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ<br>Written By: Remani Kizhakkeel (Audit Officer, On 15-06-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 17-06-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം<br>Written By: Remani Kizhakkeel (Audit Officer, On 27-04-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 15-06-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: Remani Kizhakkeel (Audit Officer, On 27-04-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 17-06-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: Remani Kizhakkeel (Audit Officer, On 27-04-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 17-06-2022) | 1-5 |
| 7 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി<br>Written By: Remani Kizhakkeel (Audit Officer, On 27-04-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 15-06-2022) | 1-6 |
| 8 | ക്ഷേമപദ്ധതികൾ<br>Written By: Remani Kizhakkeel (Audit Officer, On 27-04-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 17-06-2022) | 1-7 |
| 9 | മരണശേഷവും പെൻഷൻ തുക അനുവദിച്ചു<br>Written By: SREENATH V (Auditor, On 29-04-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 15-06-2022) | 1-7-1 |
| 10 | ക്യാഷ് ബാലൻസ്<br>Written By: Remani Kizhakkeel (Audit Officer, On 04-05-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 15-06-2022) | 1-8 |
| 11 | ആഭ്യന്തര നിയന്ത്രണം<br>Written By: Remani Kizhakkeel (Audit Officer, On 04-05-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 15-06-2022) | 1-9 |
| 12 | ജീവനക്കാരുടെ തൊഴിൽ നികുതി ഒടുക്കു വരുത്താത്തത്<br>Written By: SREENATH V (Auditor, On 29-04-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 15-06-2022) | 1-10 |
| 13 | ജീവനക്കാരുടെ തൊഴിൽ നികുതി ഒടുക്കു വരുത്തിയതിലെ അപാകതകൾ<br>Written By: SREENATH V (Auditor, On 29-04-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 17-06-2022) | 1-11 |
| 14 | പഞ്ചായത്ത് ഉടമസ്ഥതയിലുള്ള മുറികളുടെ വാടക ഈടാക്കിയതിലെ അപാകതകൾ<br>Written By: SREENATH V (Auditor, On 29-04-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 17-06-2022) | 1-12 |
| 15 | പഞ്ചായത്ത് ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളുടെ വാടകയിനത്തിലെ കുടിശ്ശിക<br>Written By: SREENATH V (Auditor, On 29-04-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 17-06-2022) | 1-13 |
| 16 | അനധികൃത കെട്ടിട നിർമ്മാണം - രജിസ്റ്റർ കൃത്യമായി സൂക്ഷിക്കുന്നില്ല<br>Written By: SREENATH V (Auditor, On 29-04-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 15-06-2022) | 1-14 |
| 17 | കെട്ടിട നിർമാണ പെർമിറ്റ് രജിസ്റ്ററിലെ അപാകതകൾ | 1-15 |

| | | |
|---|---|---|
| | Written By: SREENATH V (Auditor, On 29-04-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 17-06-2022) | |
| 18 | എഫ്.ടി.ഇ & ഒ എസ് ലൈസൻസ് ഫീസ് നിശ്ചയിച്ചതിലെ അപാകതകൾ<br>Written By: SREENATH V (Auditor, On 29-04-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 17-06-2022) | 1-16 |
| 19 | മോട്ടോർ റണ്ണിങ് ഫീസ് ഈടാക്കിയതിലെ അപാകതകൾ - ₹12000 ഈടാക്കേണ്ടതാണ്<br>Written By: SREENATH V (Auditor, On 29-04-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 17-06-2022) | 1-17 |
| 20 | ഒഴിഞ്ഞ ടാർ വീപ്പയുടെ വില ബന്ധപ്പെട്ട ഫണ്ടിലേക്ക് ഒടുക്കു വരുത്തുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.<br>Written By: Reena Pittan (Asst. Audit Officer, On 02-05-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 15-06-2022) | 1-18 |
| 21 | ടാങ്കറുകളിൽ കടിവെള്ള വിതരണം - ചെലവ് രേഖകൾ ഹാജരാക്കിയില്ല – ₹1474308/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Sabitha.K (Auditor, On 04-05-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 15-06-2022) | 1-19 |
| 22 | ചെലവ് രേഖകൾ ഹാജരാക്കിയില്ല -157110/- തടസ്സപ്പെടുത്തുന്നു.<br>Written By: Sabitha.K (Auditor, On 04-05-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 15-06-2022) | 1-20 |
| 23 | ലൈഫ് ഭവന പദ്ധതി -ജനറൽ- ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല - തുക തിരികെ ഈടാക്കേണ്ടതാണ്<br>Written By: Remya T (Auditor, On 29-04-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 15-06-2022) | 1-21 |
| 24 | സാന്ത്വന പരിചരണ പരിപാടിയുമായി ബന്ധപ്പെട്ട അപാകതകൾ - ₹ 4,75,733 തടസ്സപ്പെടുത്തുന്നു<br>Written By: SREENATH V (Auditor, On 29-04-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 17-06-2022) | 1-22 |
| 25 | കാട്ടാമ്പള്ളി ജി.എം.യു.പി സ്കൂളിലെ ഏഴാം തരം വരെ ഹൈടെക്ക് വൽക്കരണം 7405/രൂപ തടസ്സപ്പെടുത്തുന്നു<br>Written By: Remya T (Auditor, On 29-04-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 15-06-2022) | 1-23 |
| 26 | പി എച്ച് സി ലാബിന് ഇൻവേർട്ടർ ₹ 94000 തടസ്സപ്പെടുത്തുന്നു.<br>Written By: SREENATH V (Auditor, On 29-04-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 15-06-2022) | 1-24 |
| 27 | സമഗ്ര കൊതുക് നിയന്ത്രണ പദ്ധതി - ₹103200 തടസ്സപ്പെടുത്തുന്നു.<br>Written By: SREENATH V (Auditor, On 29-04-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 15-06-2022) | 1-25 |
| 28 | സമഗ്ര ആരോഗ്യ പരിപാടി ₹80250 തടസ്സപ്പെടുത്തുന്നു.<br>Written By: SREENATH V (Auditor, On 29-04-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 15-06-2022) | 1-26 |
| 29 | സംയുക്ത പരിശോധന നടത്താത്തതിനാൽ ഇലക്ട്രിസിറ്റി ചാർജ് അടവാക്കുന്നതിന്റെ ആധികാരികത പരിശോധിക്കാനായില്ല.<br>Written By: Sabitha.K (Auditor, On 04-05-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 15-06-2022) | 1-27 |
| 30 | കാട്ടാമ്പള്ളി ജി.എം യു.പി സ്കൂളിലേക്ക് ഫർണിച്ചർ വാങ്ങൽ രേഖകൾ ഹാജരാക്കേണ്ടതാണ് - 294000/- രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: Remya T (Auditor, On 29-04-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 17-06-2022) | 1-28 |
| 31 | ഹൈഡ്രോസ്റ്റർ നടപ്പിലാക്കിയ പദ്ധതിയിലെ അപാകതകൾ<br>Written By: Remya T (Auditor, On 29-04-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 17-06-2022) | 1-29 |

| | | |
|---|---|---|
| 32 | വിവാഹ ധനസഹായം(എസ്.സി)അപാകതകൾ<br>Written By: Remya T (Auditor, On 01-05-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 15-06-2022) | 1-30 |
| 33 | പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിനിയോഗ സാക്ഷ്യ പത്രം /രേഖകൾ ഹാജരാക്കിയില്ല.<br>Written By: Sabitha.K (Auditor, On 04-05-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 17-06-2022) | 1-31 |
| 34 | ഐ കെ എം വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല<br>Written By: Sabitha.K (Auditor, On 04-05-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 15-06-2022) | 1-32 |
| 35 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല.<br>Written By: Sabitha.K (Auditor, On 04-05-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 17-06-2022) | 1-33 |
| 36 | പനങ്കാവ് കുളം നവീകരണം - പ്രവൃത്തി ലക്ഷ്യം കൈവരിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.<br>Written By: Reena Pittan (Asst. Audit Officer, On 02-05-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 17-06-2022) | 1-34 |
| 37 | സ്കൂളുകൾക്ക് ടോയ് ലെറ്റ് നിർമ്മാണം- രേഖകൾ ഹാജരാക്കേണ്ടതാണ്<br>Written By: Reena Pittan (Asst. Audit Officer, On 02-05-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 17-06-2022) | 1-35 |
| 38 | പദ്ധതി നിർവ്വഹണം രജിസ്റ്ററുകളും രേഖകളും കുറ്റമറ്റതായി സൂക്ഷിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.<br>Written By: Reena Pittan (Asst. Audit Officer, On 02-05-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 17-06-2022) | 1-36 |
| 39 | കരാറിലേർപ്പെട്ടതിന് കാലതാമസം -പിഴ ഈടാക്കിയില്ല.<br>Written By: Reena Pittan (Asst. Audit Officer, On 02-05-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 17-06-2022) | 1-37 |
| 40 | പഞ്ചായത്ത് വാഹനത്തിന് ഇന്ധനം നിറയ്ക്കുന്നത് ലോഗ് ബുക്കിൽ ചേർക്കുന്നില്ല<br>Written By: Sabitha.K (Auditor, On 04-05-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 17-06-2022) | 1-38 |
| 41 | പട്ടികജാതികോളനികളിലെ സാംസ്കാരിക നിലയങ്ങൾക്ക് ഫർണ്ണിച്ചർ വാങ്ങൽ - രേഖകളുടെ അഭാവത്തിൽ 366521/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Remya T (Auditor, On 05-05-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 17-06-2022) | 1-39 |
| | **ഭാഗം 2** | |
| 1 | ജീവനക്കാരുടെ തൊഴിൽ നികുതി ഒടുക്കു വരുത്തിയതിലെ അപാകതകൾ<br>Written By: SREENATH V (Auditor, On 17-06-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 17-06-2022) | 2-1 |
| 2 | എഫ്.ടി.ഇ & ഒ എസ് ലൈസൻസ് ഫീസ് നിശ്ചയിച്ചതിലെ അപാകതകൾ<br>Written By: SREENATH V (Auditor, On 06-05-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 15-06-2022) | 2-2 |
| 3 | മോട്ടോർ റണ്ണിങ് ഫീസ് ഈടാക്കിയതിലെ അപാകതകൾ - ₹12000 ഈടാക്കേണ്ടതാണ്<br>Written By: SREENATH V (Auditor, On 06-05-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 17-06-2022) | 2-3 |
| | **ഭാഗം 3** | |
| | --- No Records Found --- | |

| ഭാഗം 4 | | |
|---|---|---|
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Remani Kizhakkeel (Audit Officer, On 29-04-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 17-06-2022) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Remani Kizhakkeel (Audit Officer, On 29-04-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 17-06-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Remani Kizhakkeel (Audit Officer, On 29-04-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 15-06-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Remani Kizhakkeel (Audit Officer, On 29-04-2022)<br>Last Updated By: Remani Kizhakkeel (Audit Officer, On 04-05-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Remani Kizhakkeel (Audit Officer, On 29-04-2022)<br>Last Updated By: Remani Kizhakkeel (Audit Officer, On 29-04-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Remani Kizhakkeel (Audit Officer, On 29-04-2022)<br>Last Updated By: Remani Kizhakkeel (Audit Officer, On 29-04-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Remani Kizhakkeel (Audit Officer, On 29-04-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 15-06-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Remani Kizhakkeel (Audit Officer, On 29-04-2022)<br>Last Updated By: Remani Kizhakkeel (Audit Officer, On 29-04-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Remani Kizhakkeel (Audit Officer, On 29-04-2022)<br>Last Updated By: Remani Kizhakkeel (Audit Officer, On 29-04-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Remani Kizhakkeel (Audit Officer, On 29-04-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 17-06-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Remani Kizhakkeel (Audit Officer, On 29-04-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 15-06-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | Receipt & Payment Statement | |
| 4 | INCOME & EXPENDITURE STATEMENT | |
| 5 | BALANCE SHEET | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

ബജറ്റ് 21.02.2019 തീയതിയിലെ 56/19 നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. വിശദ വിവരം ചുവടെ ചേർക്കുന്നു. പുതുക്കിയ ബജറ്റ് 18.03.2020 തീയ്യതിയിലെ 32/2020 നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു.

| ബജറ്റ് | | പുതുക്കിയ ബജറ്റ് |
|---|---|---|
| മുന്നിരിപ്പ് | 35371397 | 35371397 |
| വരവ് | 218911027 | 231104559 |
| ആകെ | 254282424 | 266475956 |
| ചെലവ് | 227966908 | 235565040 |
| നീക്കിയിരിപ്പ് | 26315516 | 30910916 |

ബജറ്റുമായി ബന്ധപ്പെട്ട് പ്രപ്പോസലുകൾ ഘടക സ്ഥാപന മേധാവികളിൽ നിന്നും വാങ്ങിയതായി രേഖകളില്ല.

ജെൻറർ ബജറ്റ്, പെർഫോമൻസ് ബജറ്റ് എന്നിവ പാസാക്കിയിട്ടില്ല. ബജറ്റ് രേഖകൾ പ്രത്യേക ഫയലാക്കി സൂക്ഷിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
|---|---|---|
| 31.07.2020 | 29.06.2020 | തിരിച്ചയച്ചിട്ടില്ല |

## 1-2-1 വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ

വാർഷിക കണക്കിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ബാലൻസ് ഷീറ്റിലെ B-7 ഡ്യൂളിന്റെ കൃത്യത പരിശോധിക്കുവാനാവശ്യമായ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2.ബാലൻസ് ഷീറ്റിലെ B-18 ,ഷെഡ്യൂളിന്റെ കൃത്യത പരിശോധിക്കുവാനാവശ്യമായ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

3.കേന്ദ്ര/സംസ്ഥാനാവിഷ്കൃത പദ്ധതി ഇനങ്ങളിലെ വരവ് ,ചെലവ്,നീക്കിയിരിപ്പ് എന്നിവ നിരീക്ഷിക്കുവാനാവശ്യമായ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

4.സംയുക്ത പ്രോജക്ടുകൾക്കായി എസി ആർ സൂക്ഷിച്ചിട്ടില്ല

5.സ്റ്റെയിൽ ചെക്കിന്റെ വിശദ വിവരങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

6.RP—5 പ്രകാരമുള്ള തനത് വരുമാനത്തിന്റെ ആധികാരികത പരിശോധിക്കുവാനാനശ്യമായ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

7.അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ വാർഷിക കണക്കിനൊപ്പം ഉൾപ്പടുത്തിയിട്ടില്ല.

8.അടിസ്ഥാന അനുപാതങ്ങൾ വാർഷിക കണക്കിനൊപ്പം ഉൾപ്പടുത്തിയിട്ടില്ല.

9.പഞ്ചായത്തിന്റെ ആസ്തി റജിസ്റ്റർ കാലികമാക്കിയിട്ടില്ല.
10.വാർഷിക കണക്കിലെ തുകകൾ പൂർണ്ണരൂപത്തിൽ ഉൾപ്പെടുത്തിയിട്ടില്ല

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 44479878.79 |
| വരവ് | 91433393.00 |
| ആകെ | 135913271.79 |
| ചെലവ് | 82091097.00 |

| | |
|---|---|
| നീക്കിയിരിപ്പ് | 53822174.79 |
| വരവ് നഷ്ടം | 57900 |
| ചെലവ് നഷ്ടം | ഇല്ല |
| തടസ്സപ്പെടുത്തിയ തുക | 3052527 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 17615000 | 17615000 | 15652032 | 1962968 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 6975000 | 6975000 | 4328484 | 2646516 |
| മെയിന്റനൻസ്, റോഡ് | 0 | 12419000 | 12419000 | 5597482 | 6821518 |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 5337000 | 5337000 | 3659445 | 1677555 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - ബേസിക്ക് | 0 | 13466320 | 13466320 | 2676340 | 10789980 |
| ശുചിത്വ മിഷൻ | 1100000 | 132155 | 1232155 | 752263 | 479892 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | |
| ഐ.സി.ഡി.എസ് സെൻട്രൽ ഷെയർ | 1532991 | 1314670 | 2847661 | 1535251 | 1312410 |
| ടോട്ടൽ സാനിറ്റേഷൻ | 657630 | 0 | 657630 | 541021 | 116609 |
| എൻ ഏർ ഇ ജിഎസ് – ഭരണ ചെലവ് | 2721 | 592831 | 595552 | 593527 | 2025 |
| പൈക്ക | 16123 | 554 | 16677 | - | 16677 |
| എം പി ഫണ്ട് | 3414 | 1694853 | 1698267 | 1692060 | 6207 |
| എസ് എസ് എ ഫണ്ട് | 62000 | 0 | 62000 | 0 | 62000 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | | | | | |
| ശുചിത്വം | 106428 | 1442163 | 1548591 | 228403 | 1320188 |
| കേരളോൽസവം | 20000 | 20000 | 40000 | 40000 | 0 |
| സാക്ഷരത | 13442 | 539 | 13981 | 0 | 13981 |
| ബി.എസ്.യു.പി. | 100 | - | 100 | - | 100 |
| കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾക്ക് വെണ്ടിയുള്ള വരവ് | 11539 | - | 11539 | - | 11539 |
| മറ്റ് ഗ്രാന്റുകൾ | 156285 | - | 156285 | - | 156285 |
| ടോട്ടൽ സാനിറ്റേഷൻ | 267005 | - | 267005 | - | 267005 |
| മറ്റ് ഗ്രാന്റുകൾ | 15080 | - | 15080 | - | 15080 |

മറ്റ് കേന്ദ്ര സംസ്ഥാന ഏജൻസികളിൽ നിന്നും ലഭിച്ച ഗ്രാന്റുകളുടെ വരവ്/ചെലവ് വിവരം പരിശോധിക്കുന്നതിനാവശ്യമായ എ.സി.ആർ പഞ്ചായത്തിൽ എഴുതി സൂക്ഷിച്ചിട്ടില്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | പൂർത്തീകരിച്ചത് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 266 | 142348712 | 166 | 59894501 | 32 | 134 | 100 | 50.37 |

| ക്രമ | നിർവ്വഹണ | പദ്ധതി | നടപ്പിലാ | അടങ്കൽ | ചെലവഴിച്ച | ചെലവ് |
|---|---|---|---|---|---|---|

| നം | ഉദ്യോഗസ്ഥൻ | കളുടെ എണ്ണം | ക്കിയത് | തുക | തുക | ശതമാനം |
|---|---|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 10 | 9 | 3425991 | 1961112 | 57.24 |
| 2 | വെറ്ററിനറി സർജൻ | 2 | 2 | 550000 | 294520 | 53.54 |
| 3 | മെഡിക്കൽഓഫീസർ (പി.എച്ച്.സി) | 12 | 9 | 3642899 | 2848306 | 78.18 |
| 4 | മെഡിക്കൽഓഫീസർ (ആയുർവ്വേദം) | 3 | 3 | 1300000 | 1300000 | 100 |
| 5 | വി.ഇ.ഒ | 28 | 24 | 19681754 | 11575852 | 58.81 |
| 6 | ഐ സി ഡിഎസ് സൂപ്പർവൈസർ | 7 | 7 | 8253670 | 7107812 | 86.11 |
| 7 | അസി സെക്രട്ടറി | 8 | 7 | 3151205 | 2201550 | 69.86 |
| 8 | ഹെഡ് മാസ്റ്റർ | 7 | 6 | 3703500 | 3193941 | 86.24 |
| 9 | സെക്രട്ടറി | 26 | 18 | 20747079 | 5212889 | 25.12 |
| 10 | അസിഎഞ്ചിനീയർ | 163 | 81 | 77892614 | 24198519 | 31.06 |
| | ആകെ | 266 | 166 | 142348712 | 59894501 | 42.07 |

## 1-6 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 2721 | 592831 | 595552 | 593527 | 2025 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് -സാധനഘടകം ഉൾപ്പെടെ | 0 | 6568712 | 6568712 | 6568712 | 0 |
| ആകെ | 2721 | 7161543 | 7164264 | 7162239 | 2025 |

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 77640 | 42 |
| കർഷകതൊഴിലാളി പെൻഷൻ | 710400 | 119 |
| വിധവാപെൻഷൻ | 8895000 | 1519 |
| വാർദ്ധക്യകാലപെൻഷൻ | 23598300 | 4011 |
| ഭിന്നശേഷിയുള്ളവർക്കുള്ള പെൻഷൻ | 2535800 | 427 |
| അമ്പത് വയസ്സിനു മുകളിലുള്ള | 2100000 | 372 |

| | | |
|---|---|---|
| അവിവാഹിതകൾക്കുള്ള പെൻഷൻ | | |
| വിവാഹ ധനസഹായം | 540000 | 18 |

## 1-7-1 മരണശേഷവും പെൻഷൻ തുക അനുവദിച്ചു

ഗ്രാമ പഞ്ചായത്തിലെ മരണ രജിസ്റ്റർ പ്രകാരം 2019-20 സാമ്പത്തിക വർഷ കാലത്ത് ഈ പഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്തിട്ടുള്ളതും ക്ഷേമ പെൻഷൻ കൈപ്പറ്റിവന്നിരുന്നതുമായ ഏതാനും വ്യക്തികളുടെ വിവരങ്ങൾ സേവന വെബ്സൈറ്റിൽ പരിശോധിച്ചപ്പോൾ ചുവടെ ചേർത്ത ഗുണഭോക്താക്കളുടെ മരണശേഷവും പെൻഷൻ തുക അനുവദിച്ചിട്ടുണ്ടെന്ന് കാണാൻ സാധിച്ചു.

| ക്രമ നമ്പർ | പേര് | പെൻഷൻ ഐ ഡി | പെൻഷൻ ഇനം | മരണപ്പെട്ട തീയതി | റിമാർക്ക്സ് | അധികം അനുവദിച്ച തുക |
|---|---|---|---|---|---|---|
| 1 | മഹമൂദ് എ | 111310201278 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 27/03/2020 | പെൻഷൻ സ്റ്റാറ്റസ് സസ്പെൻഡഡ് ആണ്. 2021 ഏപ്രിൽ മാസം വരെ പെൻഷൻ തുക ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. | 19,600 |
| 2 | ദാമോദരൻ പി | 111310200998 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 24/03/2020 | പെൻഷൻ സ്റ്റാറ്റസ് സസ്പെൻഡഡ് ആണ്. 2020 സെപ്റ്റംബർ മാസം വരെ പെൻഷൻ തുക ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. | 9000 |
| 3 | എൻ ഉണ്ണികൃഷ്ണൻ | 111310202999 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 29/02/2020 | പെൻഷൻ സ്റ്റാറ്റസ് സസ്പെൻഡഡ് ആണ്. 2020 ഏപ്രിൽ മാസം വരെ പെൻഷൻ തുക ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. | 1200 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം-31 തീയതി 28.04.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതും തൻവർഷം മരണശേഷം ഗുണഭോക്താക്കൾക്ക് അനുവദിച്ച പെൻഷൻ തുക ബാങ്കിൽ നിന്നോ, അക്കൗണ്ടിലെ തുക അവകാശികൾ കൈപ്പറ്റിയിട്ടുണ്ടെങ്കിൽ അവരിൽ നിന്നോ തിരികെ ഈടാക്കി ഡി ബി ടി സെല്ലിലേക്ക് തിരിച്ചടക്കേണ്ടതുമാണ്. തുകകൾ തിരിച്ചടവാക്കുന്ന മുറയ്ക്ക് രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-8 ക്യാഷ് ബാലൻസ്

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 16.04.2022 തീയതിയിൽ സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 819 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു .

## 1-9 ആഭ്യന്തര നിയന്ത്രണം

ഓഡിറ്റ് വർഷം 9 തവണ സ്റ്റാഫ് മീറ്റിംഗ് വിളിച്ചു ചേർത്തിട്ടുണ്ട്.ആഗസ്റ്റ്,ഡിസംബർ, ഫെബ്രുവരി മാസങ്ങളിൽ സ്റ്റാഫ്

മീറ്റിംഗ് വിളിച്ചു ചേർത്തിട്ടില്ല. എല്ലാ മാസങ്ങളിലും സ്റ്റാഫ് മീറ്റിംഗ് വിളിച്ചു ചേർത്ത് ഓഫീസ് പ്രവർത്തനം വിലയിരുത്തേണ്ടതാണ്. പഞ്ചായത്തിലെ ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. ഫയലുകൾ തീർപ്പാക്കുന്നതിലായാലും സേവനങ്ങൾ നല്കുന്നതിലായാലും കാര്യമായ വീഴ്ചകൾ വരുന്നതായി ശ്രദ്ധയിൽ പെട്ടിട്ടില്ല. ജീവനക്കാർക്ക് ഓഫീസ് ഉത്തരവുകൾ വഴി ആവശ്യമായ നിർദ്ദേശങ്ങൾ നല്കുകയും ചുമതലാ ക്രമീകരണങ്ങൾ വരുത്തുകയും ചെയ്യുന്നുണ്ട്.

വർക്കിംഗ് ഗ്രൂപ്പുകളിൽ പദ്ധതി നിർദ്ദേശങ്ങൾ നല്കുന്നതിൽ കവിഞ്ഞുള്ള ചർച്ചകൾ ഒന്നും തന്നെ നടന്നതായി ഓഡിറ്റ് വർഷത്തെ മിനുട്സുകളിൽ രേഖപ്പെടുത്തിയിട്ടില്ല. പദ്ധതി അവലോകനം, മോണിറ്ററിംഗ് ഉടങ്ങിയ ചുമതലകൾ വർക്കിംഗ് ഗ്രൂപ്പുകൾ നിർവ്വഹിച്ചതായി കാണുന്നില്ല.

## 1-10 ജീവനക്കാരുടെ തൊഴിൽ നികുതി ഒടുക്കു വരുത്താത്തത്

ചിറക്കൽ ഗ്രാമ പഞ്ചായത്തിലെ 2019-20 വർഷത്തെ തൊഴിൽനികുതി രജിസ്റ്റർ, തൊഴിൽനികുതി സ്റ്റേറ്റ്മെന്റ് എന്നിവ പരിശോധിച്ചതിൽ പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന താഴെപ്പറയുന്ന സ്ഥാപനങ്ങൾ ജീവനക്കാരുടെ തൊഴിൽനികുതി ഒടുക്കുവരുത്തിയിട്ടില്ല.

| തൊഴിൽനികുതി രജിസ്റ്ററിലെ ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | ഒടുക്കാത്ത തൊഴിൽ നികുതി ഏതു പകുതിയിലേത് |
|---|---|---|
| 27 | ജേബീസ് കോളേജ്, പള്ളിക്കുളം | രണ്ടാം പകുതി |
| 38 | വനജ വീവേഴ്സ് കോ ഓപ്പറേറ്റീവ് സൊസൈറ്റി | രണ്ടാം പകുതി |
| 106 | കാനന്നൂർ ഓട്ടോ മോട്ടീവ് കമ്പനി, പള്ളിക്കുളം | രണ്ടാം പകുതി |
| 107 | ചിറക്കൽ പഴം പച്ചക്കറി ഉൽപാദക വിപണന സഹായ കേന്ദ്രം | രണ്ടാം പകുതി |
| 110 | ഇന്ത്യാന മോട്ടോർസ്, പള്ളിക്കുളം | രണ്ടാം പകുതി |
| 140 | നിയോൺ ഫുഡ്സ് നട്ട്സ് & ഡ്രൈ ഫ്രൂട്ട്സ് | രണ്ടാം പകുതി |
| 146 | എസ് ജെ സോ മിൽ, കീരിയാട് | രണ്ടാം പകുതി |
| 147 | കണ്ണൂർ സർവോദയ സംഘം, ചിറക്കൽ | രണ്ടാം പകുതി |
| 154 | സുധി മെറ്റൽ ക്രാഫ്റ്റ്സ്, ചിറക്കൽ | രണ്ടാം പകുതി |
| 167 | ധീരജ് ഗോൾഡ് | രണ്ടാം പകുതി |
| 168 | എക്സൽ ഡക്കോ പ്രൊഡക്ട്സ് | രണ്ടാം പകുതി |
| 171 | സ്മൈൽ കെയർ ഡന്റൽ ക്ലിനിക്ക് | രണ്ടാം പകുതി |
| 176 | അപ്പൂസ് ബേക്കറി | രണ്ടാം പകുതി |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.24 തീയതി 27.04.2022) മറുപടിയായി ക്രമ നമ്പർ 27, 107, 110, 154, 167, 168, 176 എന്നിവയിൽ പരാമർശിച്ച സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. ബാക്കി സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

കൂടാതെ പഞ്ചായത്തിലെ 2019-20 വർഷത്തെ തൊഴിൽനികുതി രജിസ്റ്റർ, തൊഴിൽനികുതി സ്റ്റേറ്റ്മെന്റ് എന്നിവ പരിശോധിച്ചതിൽ പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന 40 സ്ഥാപനങ്ങൾ 2019-20 വർഷത്തെ രണ്ട് പകുതികളിലും ജീവനക്കാരുടെ തൊഴിൽനികുതി ഒടുക്കുവരുത്തിയിട്ടില്ലെന്ന് കാണാൻ സാധിച്ചു. ഇത് സംബന്ധിച്ച്

നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.29 തീയതി 28.04.2022) മറുപടിയായി തൊഴിൽ നികുതി ഒടുക്കാത്തതുമായി ബന്ധപ്പെട്ട് ഈ സ്ഥാപനങ്ങൾക്ക് അറിയിപ്പ് നൽകിയിട്ടുള്ളതാണെന്ന് അറിയിച്ചിട്ടുണ്ട്. ജീവനക്കാരുടെ തൊഴിൽ നികുതി ഇനത്തിലുള്ള തുക ഈടാക്കി വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-11 ജീവനക്കാരുടെ തൊഴിൽ നികുതി ഒടുക്കു വരുത്തിയതിലെ അപാകതകൾ

2019-20 സാമ്പത്തിക വർഷം ഗ്രാമ പഞ്ചായത്തിലെ ചുവടെ ചേർത്ത സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതിൽ അപാകതകൾ കാണാൻ സാധിച്ചു.

| ക്രമ നം | സ്ഥാപനം | പേര് | തസ്തിക | അർദ്ധ വർഷം | ആകെ അർദ്ധ വാർഷിക വരുമാനം | ഈടാക്കിയ തൊഴിൽ നികുതി | ഈടാക്കേണ്ട തൊഴിൽ നികുതി | കുറവ് വന്ന തുക |
|---|---|---|---|---|---|---|---|---|
| 1 | നിത്യാനന്ദ ഭവൻ ഇംഗ്ലീഷ് മീഡിയം സ്കൂൾ | പ്രേമസുധ | അദ്ധ്യാപിക | I | 1,25,112 | 1000 | 1250 | 250 |
| | | | | II | 1,25,112 | 1000 | 1250 | 250 |
| 2 | അലവിൽ നോർത്ത് എൽ പി സ്കൂൾ | ലിജോ ജോർജ്ജ് | LPSA | I | 1,10,600 | 600 | 1000 | 400 |
| | | ശരണ്യ കെ | LPSA | I | 1,11,515 | 600 | 1000 | 400 |
| | | പ്രണ്യ എം | LPSA | I | 1,11,515 | 600 | 1000 | 400 |
| 3 | ഷാജാ വുഡ് | സന്ധ്യ | ലഭ്യമാക്കിയിട്ടില്ല | II | 46,170 | 300 | 450 | 150 |
| 4 | കെ പി കെ മോട്ടോർസ്, പള്ളിക്കുളം | ഇസ്മായിൽ അബ്ദു റഹ്മാനി | മാനേജർ | I | 1,02,000 | 750 | 1000 | 250 |
| | | മുഹമ്മദ് സഫ്രാസ് പി | കസ്റ്റമർ റിലേഷൻ എക്സിക്യൂട്ടീവ് | I | 66,000 | 450 | 600 | 150 |
| | | പ്രതീഷ് കെ | സ്പെയർ പാർട്ട്സ് പേഴ്സൺ | I | 69,000 | 450 | 600 | 150 |
| | | പ്രണവ് കെ സുരേശൻ | സെയിൽസ് | I | 66,000 | 450 | 600 | 150 |
| | | സ്മിത പി ആർ | സെയിൽസ് | I | 66,000 | 450 | 600 | 150 |
| 5 | മൈത്രേയ ആയുർവേദിക് ഹെറിറ്റേജ് | ലതീഷ് | അറ്റൻഡർ | I | 60,000 | 450 | 600 | 150 |
| | | വീണ | അറ്റൻഡർ | I | 54,000 | 300 | 450 | 150 |
| 6 | അലവിൽ നോർത്ത് എൽ പി സ്കൂൾ | ലിജോ ജോർജ്ജ് | LPSA | II | 1,17,810 | ഈടാക്കിയിട്ടില്ല | 1000 | 1000 |
| | | ശരണ്യ കെ | LPSA | II | 1,17,810 | 750 | 1000 | 250 |
| | | പ്രണ്യ എം | LPSA | II | 1,17,810 | 750 | 1000 | 250 |
| | ആകെ കുറവ് വന്ന തുക | | | | | | | 14,500 |

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.23 തീയതി 27.04.2022) മറുപടിയായി തൊഴിൽ നികുതി ഈടാക്കിയതിൽ വന്ന അപാകതകൾ പരിഹരിക്കുന്നതിന് ഉടമകൾക്ക് നോട്ടീസ് നൽകിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. കൂടാതെ മേൽ പട്ടികയിലെ ക്രമ നമ്പർ 2, 6 എന്നിവയിൽ പരാമർശിച്ച, അലവിൽ നോർത്ത് എൽ പി സ്കൂളിലെ ജീവനക്കാരുടെ സ്റ്റേറ്റ്മെന്റിൽ നൽകിയിട്ടുള്ള തുക തെറ്റായി രേഖപ്പെടുത്തിയതാണെന്നും ഈടാക്കിയ തുകയ്ക്കനുസൃതമായ തുകയാണ് ശമ്പളമായി നൽകിയിട്ടുള്ളതെന്നും അറിയിച്ചു കൊണ്ടുള്ള

പ്രധാനാധ്യാപകന്റെ കത്തും മറുപടിയോടൊപ്പം ലഭ്യമാക്കിയിട്ടുണ്ട്. ആയതിനാൽ ക്രമ നമ്പർ 2, 6 എന്നിവ ഒഴികെയുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും കുറവ് വന്ന തുക (₹1800) ഈടാക്കി വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-12 പഞ്ചായത്ത് ഉടമസ്ഥതയിലുള്ള മുറികളുടെ വാടക ഈടാക്കിയതിലെ അപാകതകൾ

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള മുറികളുടെ വാടക ഒടുക്കുന്നത് വൈകുന്ന സാഹചര്യങ്ങളിൽ പിഴ പലിശ (Penal Interest) ഈടാക്കി വരുന്നുണ്ട് . വാടക ഒടുക്കുന്നതിന് ഒരു മാസം വൈകിയാൽ വാടകയുടെ 2 ശതമാനവും, തുടർന്നുള്ള ഓരോ മാസങ്ങളിലും വാടകയുടെ 4%, 6% എന്നിങ്ങനെ തുടർന്നു പോകുന്ന രീതിയിലാണ് പിഴ പലിശ ഈടാക്കി വരുന്നത്. എന്നാൽ ചുവടെ ചേർത്തിരിക്കുന്ന വാടകക്കാരനിൽ നിന്ന് പിഴ പലിശ ഇനത്തിലുള്ള തുകയും ജി എസ് ടി, ഫ്ലഡ് സെസ് എന്നീ ഇനങ്ങളിലുള്ള തുകകളും ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | വാടകക്കാരന്റെ പേര് | കെട്ടിട നമ്പർ | വാടക | അപാകത |
|---|---|---|---|---|
| 1 | ജ്യോതിഷ് എം | XV/891 | 512 | 12 മാസത്തെ വാടക തുക 25/02/2020 നാണ് ഒടുക്കിയത്. എന്നാൽ പിഴ പലിശ ഇനത്തിൽ ഈടാക്കേണ്ട 676 രൂപ ഈടാക്കിയിട്ടില്ല. ജി എസ് ടി, ഫ്ലഡ് സെസ് എന്നീ ഇനങ്ങളിലുള്ള തുകകളായ 1104 (92x12), 60 (5x12) എന്നിവയും ഈടാക്കിയിട്ടില്ല. |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 26 തീയതി 27.04.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പരാമർശിച്ച വാടകക്കാരനിൽ നിന്ന് വാടക ഇനത്തിൽ കുറവ് വന്ന തുക (ആകെ ₹1840(676+1104+60)) ഈടാക്കി ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-13 പഞ്ചായത്ത് ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളുടെ വാടകയിനത്തിലെ കുടിശ്ശിക

2019-20 സാമ്പത്തിക വർഷം പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ചുവടെ ചേർത്ത കെട്ടിടങ്ങളുടെ വാടകയിനത്തിൽ കുടിശ്ശിക ഉള്ളതായി കാണാൻ സാധിച്ചു.

| ക്രമ നമ്പർ | പേര് | കെട്ടിട നമ്പർ | കുടിശ്ശിക തുക |
|---|---|---|---|
| 1 | സയീദ് എൻ എൻ | XV/817 | 5176 |
| 2 | സയീദ് എൻ എൻ | XV/818 | 5156 |
| 3 | അബ്ദുൾ അസീസ് | XV/819 | 5156 |
| 4 | തൊടേൻ മോഹനൻ | XV/821 | 2734 |
| 5 | ഗണേഷ് പെരുമാൾ | XV/823 | 10,800 |
| 6 | അശ്വജിത്ത് | XV/824 | 1,656 |
| 7 | ബാലൻ പി | XV/839 | 1767 |
| 8 | സുരേഷ് ബാബു പി വി | XV/896 | 17,736 |
| ആകെ | | | 50,181 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 25 തീയതി 27.04.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പരാമർശിച്ച വാടകക്കാരിൽ നിന്ന് കുടിശ്ശിക തുക (ആകെ ₹50,181) ഈടാക്കി ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-14 അനധികൃത കെട്ടിട നിർമ്മാണം - രജിസ്റ്റർ കൃത്യമായി സൂക്ഷിക്കുന്നില്ല

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 19.05.2014 തിയതിയിലെ 29342/ആർ.എ1/2014/തസ്വഭവ നമ്പർ സർക്കുലറിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ അനധികൃത നിർമ്മാണ രജിസ്റ്റർ സൂക്ഷിക്കേണ്ടതിനെക്കുറിച്ചും രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ട വിവരങ്ങളെക്കുറിച്ചും വ്യക്തമായ നിർദേശങ്ങൾ നൽകിയിട്ടുണ്ട്. ചിറക്കൽ ഗ്രാമ പഞ്ചായത്തിൽ പരിപാലിച്ച് വരുന്ന അനധികൃത നിർമ്മാണ രജിസ്റ്റർ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. സഞ്ചയ പ്രകാരം പഞ്ചായത്തിൽ ഒരു അനധികൃത കെട്ടിടമാണുള്ളത് (ശാലിമ എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള

5/408 B നമ്പർ കെട്ടിടം). എന്നാൽ ഈ കെട്ടിടത്തെ സംബന്ധിച്ച വിശദാംശങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ രജിസ്റ്ററിൽ ചേർത്തിട്ടുള്ള കെട്ടിടങ്ങളുടെ ചട്ടലംഘനങ്ങൾ പരിഹരിക്കപ്പെട്ടതിന്റെ വിശദാംശങ്ങൾ, ചട്ടലംഘനത്തിനെതിരെ സ്വീകരിച്ച നടപടികൾ എന്നിവയൊന്നും രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

2. സർക്കാർ ഉത്തരവ് നം. (എം,എസ്) 170/2016 തസ്വഭവ തീയതി 16.11.2016ലെ ഉത്തരവ് (3) പ്രകാരം UA നമ്പർ നൽകുന്ന വീട്ടുകളുടെ പൂർണ്ണ വിവരം നിർമ്മാണത്തിന്റെ സ്റ്റേജ് വ്യക്തമായി മനസ്സിലാക്കുന്ന വിധം ഫോട്ടോയെടുത്ത് രജിസ്റ്ററിൽ സൂക്ഷിക്കേണ്ടതാണ്. ഈ നിർദ്ദേശം പാലിക്കപ്പെട്ടിട്ടില്ല.

3. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പരിപാലിക്കേണ്ട അനധികൃത നിർമ്മാണ രജിസ്റ്ററിന്റെ മാതൃക തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 19.05.2014 ലെ നം.29342/RA1/2014/ത.സ്വ.ഭ.വ സർക്കുലറിന്റെ അനുബന്ധം 1 ൽ ചേർത്തിട്ടുണ്ട്. എന്നാൽ പഞ്ചായത്തിൽ പരിപാലിച്ച് വരുന്ന അനധികൃത നിർമ്മാണ രജിസ്റ്റർ ഈ മാതൃകയിലുള്ളതല്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 30 തീയതി 28.04.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 19.05.2014 ലെ നം.29342/RA1 /2014/ത.സ്വ.ഭ.വ സർക്കുലറിന്റെ അനുബന്ധം 1 ൽ ചേർത്ത മാതൃകയിൽ അനധികൃത നിർമ്മാണ രജിസ്റ്റർ സൂക്ഷിക്കേണ്ടതും കെട്ടിടങ്ങളുടെ ചട്ടലംഘനങ്ങൾ പരിഹരിക്കപ്പെട്ടതിന്റെ വിശദാംശങ്ങൾ, ചട്ടലംഘനത്തിനെതിരെ സ്വീകരിച്ച നടപടികൾ എന്നിവ രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തേണ്ടതുമാണ്. കൂടാതെ സർക്കാർ ഉത്തരവ് നം. (എം,എസ്) 170/2016 തസ്വഭവ തീയതി 16.11.2016ലെ ഉത്തരവ് (3) പ്രകാരം UA നമ്പർ നൽകുന്ന വീട്ടുകളുടെ പൂർണ്ണ വിവരം നിർമ്മാണത്തിന്റെ സ്റ്റേജ് വ്യക്തമായി മനസ്സിലാക്കുന്ന വിധം ഫോട്ടോയെടുത്ത് രജിസ്റ്ററിൽ സൂക്ഷിക്കേണ്ടതുമാണ്.

## 1-15 കെട്ടിട നിർമാണ പെർമിറ്റ് രജിസ്റ്ററിലെ അപാകതകൾ

കെട്ടിട നിർമ്മാണത്തിനായുള്ള അപേക്ഷ ലഭിക്കുന്നതു മുതൽ നിർമ്മാണം പൂർത്തിയാക്കി അസ്സസ്സ്മെന്റ് നമ്പർ ചേർക്കുന്നതു വരെയുള്ള വിവരങ്ങൾ ലഭ്യമാകുന്ന രീതിയിലാണ് കെട്ടിടനിർമ്മാണ പെർമിറ്റ് അപേക്ഷ രജിസ്റ്ററിന്റെ പ്രഫോർമ. എന്നാൽ കെട്ടിടത്തിന്റെ നിർമ്മാണ പൂർത്തീകരണം സംബന്ധിച്ച വിവരങ്ങൾ, കെട്ടിടനമ്പർ നൽകിയതിന്റെ വിവരങ്ങൾ എന്നിവ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. ഇത് കാരണം പൂർത്തീകരണ സർട്ടിഫിക്കറ്റ് ലഭിക്കുന്ന മുറയ്ക്ക് കെട്ടിട നമ്പർ നൽകി നികുതി ചുമത്തുന്നതിന്റെ കൃത്യത ഉറപ്പ് വരുത്താൻ കഴിയുന്നില്ല. ആയതിനാൽ പെർമിറ്റ് കാലാവധിക്കുള്ളിൽ നിർമ്മാണം പൂർത്തീകരിക്കുകയോ കാലാവധിക്ക് ശേഷം പെർമിറ്റ് പുതുക്കുകയോ ചെയ്യാത്ത കെട്ടിടങ്ങളെ കണ്ടെത്താൻ സാധിക്കുന്നില്ല. അനധികൃത നിർമ്മാണങ്ങൾ വർദ്ധിക്കുന്നതിനും വരുമാന നഷ്ടം ഉണ്ടാകുന്നതിനും ഇത് കാരണമായേക്കാം. കൂടാതെ കെട്ടിട നിർമ്മാണ പെർമിറ്റ് സംബന്ധിച്ച ഡിമാൻഡ്, കളക്ഷൻ, ബാലൻസ് എന്നിവ എഴുതി തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമാണ ചട്ടങ്ങൾ 2019 -ലെ ചട്ടം 95(3) പ്രകാരം സെക്രട്ടറി ഒരു ലിഖിത ഉത്തരവിലൂടെ ക്രമവൽക്കരണം അനുവദിച്ചു കൊടുക്കുമ്പോൾ, ആയത് അനുബന്ധം - G2 ഫോറത്തിൽ സ്ഥിരമായി സൂക്ഷിക്കേണ്ട രേഖയായി ഒരു രജിസ്റ്ററിൽ ഇതു സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ ക്രമവൽക്കരണത്തിനു വേണ്ടി നിരവധി അപേക്ഷകൾ ലഭിക്കുന്നുണ്ടെങ്കിലും നാളിതു വരെ പഞ്ചായത്തിൽ ക്രമവൽകൃത കെട്ടിടങ്ങളുടെ വിശദാംശങ്ങൾ ഉൾകൊള്ളുന്ന രജിസ്റ്റർ സൂക്ഷിച്ചു പോരുന്നില്ല.

2020-21 സാമ്പത്തിക വർഷത്തെ പെർമിറ്റ് രജിസ്റ്ററിലും സമാനമായ അപാകതകൾ നിലനിൽക്കുന്നുണ്ട്.

പെർമിറ്റ് സംബന്ധിച്ച വിശദാംശങ്ങൾ രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്. കൂടാതെ കെട്ടിട നിർമ്മാണ ക്രമവൽകരണം സംബന്ധിച്ച് ചട്ടങ്ങൾ നിഷ്കർഷിക്കുന്ന പ്രകാരം രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-16 എഫ്.ടി.ഇ & ഒ എസ് ലൈസൻസ് ഫീസ് നിശ്ചയിച്ചതിലെ അപാകതകൾ

ചിറക്കൽ ഗ്രാമ പഞ്ചായത്തിലെ ഉൽപ്പാദന മേഖലയിലെയും സേവന മേഖലയിലെയും സ്ഥാപനങ്ങളെ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ വിവിധ സ്ലാബുകളായി തിരിച്ചാണ് ലൈസൻസ് ഫീസ് ഈടാക്കി വരുന്നത്. ഇത് പ്രകാരം സേവന മേഖലയിലെ സ്ഥാപനങ്ങളുടെ ലൈസൻസ് ഫീസ് നിശ്ചയിച്ചിരിക്കുന്നത് താഴെ പറയും പ്രകാരമാണ്.

| മൂലധന ചെലവ് | ലൈസൻസ് ഫീസ് |
|---|---|
| ഒരു ലക്ഷം വരെ | 100 |
| 1 ലക്ഷം മുതൽ 2 ലക്ഷം വരെ | 200 |
| 2 ലക്ഷം മുതൽ 3 ലക്ഷം വരെ | 300 |
| 3 ലക്ഷം മുതൽ 10 ലക്ഷം വരെ | 500 |

| | |
|---|---|
| 10 ലക്ഷം മുതൽ 25 ലക്ഷം വരെ | 1000 |
| 25 ലക്ഷത്തിന് മുകളിൽ | 5000 |

2019-20 സാമ്പത്തിക വർഷത്തെ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചപ്പോൾ, ചുവടെ ചേർത്ത സ്ഥാപനങ്ങളിൽ നിന്ന് ഈടാക്കിയ ലൈസൻസ് ഫീസ് കുറവാണെന്ന് കാണാൻ സാധിച്ചു.

| ലൈസൻസ് രജിസ്റ്ററിലെ ക്രമ നമ്പർ | സ്ഥാപന ഉടമയുടെ പേര് | കെട്ടിട നമ്പർ | സംരംഭം | മൂലധന നിക്ഷേപം | ഈടാക്കിയ ഫീസ് | ഈടാക്കേണ്ടിയിരുന്ന ഫീസ് | കുറവ് വന്ന തുക |
|---|---|---|---|---|---|---|---|
| 77 | ബിസ്വജിത്ത് തണ്ടാർ | 21/139 | ധീരജ് ഗോൾഡ് | 35 ലക്ഷം | 1000 | 5000 | 4000 |
| 208 | മുഹമ്മദ് കുഞ്ഞി ഇ എം | 5/371 | റഹ്മാനിയ വുഡ് ഇൻഡസ്ട്രീസ് | 26 ലക്ഷം | 1000 | 5000 | 4000 |
| 226 | ജോഷിൽ പി വി | 16/133, 136 | ബ്ലാക്ക് സ്റ്റീൻ വുഡ് കാർവിങ് | 15 ലക്ഷം | 500 | 1000 | 500 |
| 230 | മാധുരി പി | 19/484 | സുധി മെറ്റൽ ക്രാഫ്റ്റ്സ് | 12 ലക്ഷം | 500 | 1000 | 500 |
| 330 | സത്യപ്രകാശൻ പി | 19/262 | ഭാരത് പ്രിന്റേഴ്സ് | 10 ലക്ഷം | 300 | 500 | 200 |
| 361 | എം എം ഷരീഫ് | 7/697, 698 | ബിലാൽ ഫ്ലോർ മിൽ | 4 ലക്ഷം | 400 | 500 | 100 |
| 368 | അബ്ദുൾ ഗഫൂർ പി | 16/540,543 | സിഗ് സാഗ് ഇന്റർനെറ്റ് ഓൺലൈൻ സർവീസ് | 2.75 ലക്ഷം | 200 | 300 | 100 |
| 420 | എം മൻസൂറുദ്ദീൻ | 19/610 | സ്റ്റീൽ ഫർണിച്ചർ നിർമാണം | 26 ലക്ഷം | 1000 | 5000 | 4000 |
| 489 | ടോം മാത്യു | 5/667 | ഏഷ്യൻ പോളിമേർസ് | 26 ലക്ഷം | 1000 | 5000 | 4000 |
| 508 | പി വി സുബൈർ | 22/512 | ഫിനിക്സ് കളക്ഷൻസ് | 15 ലക്ഷം | 500 | 1000 | 500 |
| 511 | മുസ്തഫ പി പി | 3/720 | ബ്രൈറ്റ് ലിങ്ക് ട്രാവൽ ഏജൻസി | 3 ലക്ഷം | 200 | 300 | 100 |
| 532 | ഏലമ്മ ജോൺ | 17/414-418, 420, 423-426, 824 | ഗീത റെസിഡൻസി | 35 ലക്ഷം | 1000 | 5000 | 4000 |
| 547 | ബൈജു പി വി | 23/579 | കിട്ടൂസ് ബിരിയാണി | 4 ലക്ഷം | 200 | 500 | 300 |
| 664 | പി പി മുഹമ്മദ് ആസിഫ് | 7/637 A | പ്ലൈവുഡ് വിൽപന | 26 ലക്ഷം | 1000 | 5000 | 4000 |
| 721 | മണികണ്ഠൻ ആർ | 21/348 A | വി ആർ ഫുഡ്സ് | 5 ലക്ഷം | 200 | 500 | 300 |
| 727 | ബദറുദ്ദീൻ പി പി | 16/324,325,326 | എം ബി സ്പോർട്സ് വെയർ | 12 ലക്ഷം | 500 | 1000 | 500 |

| | | | | | | | |
|---|---|---|---|---|---|---|---|
| 748 | പൂവത്തിൻ ചാലിൽ പത്മനാഭൻ | 3/317 | ലെജന്റ് ഓട്ടോ സ്പെയർ | 4 ലക്ഷം | 300 | 500 | 200 |
| 767 | അജയൻ ബി | 15/333 | ഫർണിച്ചർ നിർമാണം | 8 ലക്ഷം | 400 | 500 | 100 |
| 780 | മിനി എം കെ | 12/50 | അനുഗ്രഹ് കറി പൗഡർ നിർമാണം | 6 ലക്ഷം | 400 | 500 | 100 |
| 784 | കെ സി നിഷാദ് | 16/982 | ഔറ ഡിസൈൻസ് | 5 ലക്ഷം | 400 | 500 | 100 |
| 786 | നസീബ കെ | 22/521 | എക്സൽ ഡക്കോ പ്രൊഡക്ട്സ് | 12 ലക്ഷം | 500 | 1000 | 500 |
| 840 | കെ പി മുഹമ്മദ് റാഫി | 6/350 A,B,C | ഹെവൻ മെമ്പ്രേൻ | 26 ലക്ഷം | 1000 | 5000 | 4000 |
| 864 | അസ്സു കെ പി | 5/205 A | ഏഷ്യൻ പ്ലൈവുഡ് | 30 ലക്ഷം | 1000 | 5000 | 4000 |
| 948 | ജയകുമാർ പി വി | 17/308 | ഐശ്വര്യ ജ്വല്ലറി | 28 ലക്ഷം | 1000 | 5000 | 4000 |
| 993 | സി ഹരീന്ദ്രൻ | 5/102 A,B,C | ആനന്ദ് ടെക്സ്റ്റൈൽസ് | 40 ലക്ഷം | 1000 | 5000 | 4000 |
| ആകെ | | | | | | | 44100 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.14 തീയതി 25.04.2022) മറുപടിയായി ലൈസൻസ് ഫീസ് ഈടാക്കിയതിൽ വന്ന അപാകതകൾ പരിഹരിക്കുന്നതിന് ഉടമകൾക്ക് നോട്ടീസ് നൽകിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. കുറവ് വന്ന തുക (ആകെ ₹44100) ഈടാക്കി വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-17 മോട്ടോർ റണ്ണിങ് ഫീസ് ഈടാക്കിയതിലെ അപാകതകൾ - ₹12000 ഈടാക്കേണ്ടതാണ്

1196-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ ചട്ടം 18, 19 പട്ടിക III-ൽ വൈദ്യുതികൊണ്ട് പ്രവർത്തിക്കുന്ന യന്ത്രസാമഗ്രിയോ നിർമ്മാണ യന്ത്രമോ ഉപയോഗിക്കുന്നതിനുള്ള പരമാവധി ഫീസ് നിശ്ചയിച്ച് നൽകിയിട്ടുണ്ട്. ആയത് പ്രകാരം യന്ത്രങ്ങളുടെ കുതിരശക്തിക്ക് അനുസൃതമായി ഈടാക്കേണ്ട റണ്ണിങ് ഫീസ് ചുവടെ ചേർക്കും പ്രകാരമാണ്.

| യന്ത്രത്തിന്റെ കുതിര ശക്തി (HP) | ചുമത്താവുന്ന ഫീസ് |
|---|---|
| ഒരു കുതിര ശക്തിയിൽ കവിയാത്ത യന്ത്രങ്ങൾ | 10 |
| 1 HP-യിൽ കവിയുന്നതും 5 HP-യിൽ കവിയാത്തതുമായ യന്ത്രങ്ങൾ | 50 |
| 5 HP-യിൽ കവിയുന്നതും 10 HP-യിൽ കവിയാത്തതുമായ യന്ത്രങ്ങൾ | 100 |

| | |
|---|---|
| 10 HP-യിൽ കവിയുന്നതും 20 HP-യിൽ കവിയാത്തതുമായ യന്ത്രങ്ങൾ | 200 |
| 20 HP-യിൽ കവിയുന്നതും 30 HP-യിൽ കവിയാത്തതുമായ യന്ത്രങ്ങൾ | 300 |
| 30 HP-യിൽ കവിയുന്നതും 40 HP-യിൽ കവിയാത്തതുമായ യന്ത്രങ്ങൾ | 400 |
| 40 HP-യിൽ കവിയുന്നതും 50 HP-യിൽ കവിയാത്തതുമായ യന്ത്രങ്ങൾ | 500 |
| 50 HP-യിൽ കവിയുന്നതും 100 HP-യിൽ കവിയാത്തതുമായ യന്ത്രങ്ങൾ | 1000 |
| 100 HP-യിൽ കവിയുന്നതും 200 HP വരെയുള്ളതും | 2000 |
| 200 HPക്ക് മുകളിലുള്ള ഓരോ HP-ക്കും 10 രൂപ വീതം | |

ചിറക്കൽ ഗ്രാമ പഞ്ചായത്തിലെ 2019-20 സാമ്പത്തിക വർഷത്തെ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചപ്പോൾ, ചുവടെ ചേർത്ത സ്ഥാപനങ്ങളിൽ നിന്ന് മോട്ടോർ റണ്ണിങ് ഫീസ് ഈടാക്കിയതുമായി ബന്ധപ്പെട്ട് അപാകതകൾ കാണാൻ സാധിച്ചു.

| ലൈസൻസ് രജിസ്റ്ററിലെ ക്രമ നമ്പർ | സ്ഥാപന ഉടമയുടെ പേര് | സംരംഭം | കെട്ടിട നമ്പർ | ഉപയോഗിക്കുന്ന മോട്ടോറിന്റെ പവർ | ഈടാക്കേണ്ട റണ്ണിങ് ഫീസ് |
|---|---|---|---|---|---|
| 2 | കെ വി ഫയാസ് | ഫ്ലോർ മിൽ | 1/98 | 10 HP | 100 |
| 135 | എ വി ജമീല | സ്റ്റാർ റൈസ് & ഫ്ലോർ മിൽ | 2/179 | 15 HP | 200 |
| 305 | സുധ സി | അയ്യപ്പാസ് ബേക്കറി | 21/49 | 18 HP | 200 |
| 337 | ശ്യാമള എം പി | പാറമ്മൽ ഫ്ലോർ മിൽ | 11/276 | 10 HP | 100 |
| 345 | എ എം മുഹമ്മദ് റഫീഖ് | എച്ച് പി സ്റ്റോൺ ക്രഷർ | 1/2 | 35 HP | 400 |
| 365 | രമ കെ | മിഥുൻ ഫ്ലോർ മിൽ | 4/116 | 10 HP | 100 |
| 402 | സി രവീന്ദ്രൻ | നൃജയ സോമിൽ | 5/151 A, 151 B | 72.5 HP | 1000 |
| 407 | കെ നസീർ | കെ സി എം വുഡ് ഇൻഡസ്ട്രീസ് | 5/111, 112 | 100 HP | 1000 |
| 451 | റിജിൽ അരവിന്ദ് | ബേക്കറി ഉൽപാദനം | 3/789 | 3 HP | 50 |
| 452 | പ്രസന്ന പി കെ | ബേക്കറി ഉൽപാദനം | 3/794 | 3 HP | 50 |
| 456 | സുജിത് കുമാർ കെ | ഈസ്റ്റേൺ ഇൻഡസ്ട്രീസ് | 13/242 A | 3 HP | 50 |
| 459 | ഷൈജു എം വി | നന്ദനം കാർപ്പെന്ററി വർക്ക്സ് | 4/379 | 5 HP | 50 |
| 46 | എം കെ രാജേഷ് | ക്യാൻ വുഡ് | 16/26, 27 | 15 HP | 200 |

| | | | | | |
|---|---|---|---|---|---|
| | ബാബു | | | | |
| 480 | എ മധുസൂധനൻ | മാനസ പ്ലൈനിംഗ് സെൻറർ | 17/241 | 6.5 HP | 100 |
| 489 | ടോം മാത്യു | ഏഷ്യൻ പോളിമേർസ് | 5/667 | 28 HP | 300 |
| 493 | ശേഖരൻ എം | സാൻസ് ഇൻഡസ്ട്രീസ് | 2/43, 44 | 7.5 HP | 100 |
| 498 | അലൻ മുനീർ | എം എം വുഡ് ഇൻഡസ്ട്രീസ് | 5/121 A | 56 HP | 1000 |
| 846 | കെ പി സുബൈർ | ഗ്രീൽ വുഡ് വിന്നേർസ് | 5/313 | 250 HP | 2500 |
| 847 | സി പി സുബൈദ് | ചോയ്സ് ബോർഡ് & വുഡ് ഇൻഡസ്ട്രീസ് | 5/681 | 150 HP | 2000 |
| 848 | സി പി സുബൈദ് | ചോയ്സ് പ്ലൈവുഡ് ഇൻഡസ്ട്രീസ് | 5/682 | 160 HP | 2000 |
| 870 | ബി പി അബ്ദുൾ ഗഫൂർ | യൂണിവേഴ്സൽ പ്ലൈവുഡ് | 23/686 | 47 HP | 500 |
| ആകെ കുറവ് വന്ന തുക | | | | | 12,000 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.15 തീയതി 25.04.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. കുറവ് വന്ന തുക (ആകെ ₹12,000) ഈടാക്കി വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-18 ഒഴിഞ്ഞ ടാർ വീപ്പയുടെ വില ബന്ധപ്പെട്ട ഫണ്ടിലേക്ക് ഒടുക്കു വരുത്തുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

വികസന ഫണ്ട്, ധനകാര്യ കമ്മീഷൻ അവാർഡ്, മെയിന്റനൻസ് ഫണ്ട് റോഡ് എന്നീ ഇനത്തിലുള്ള തുക ഉപയോഗിച്ച് നിർവ്വഹണം നടത്തിയ റോഡ് ടാറിംഗ്/റീടാറിംഗ് പ്രവൃത്തികളിൽ നിന്ന് ഈടാക്കിയ ഒഴിഞ്ഞ ടാർ ബാരലിന്റെ വില സെക്രട്ടറിയുടെ പേരിലുള്ള ട്രഷറി അക്കൗണ്ടിലാണ് (719011400000148) ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തിരിക്കുന്നത്. സർക്കുലർ നം. 59827/എഫ്.എം./07/തസ്വഭവ തീയതി 30-10-2007 പ്രകാരം ഒഴിഞ്ഞ ടാർ വീപ്പയുടെ വില ഏത് ഫണ്ടിൽ നിന്നാണോ പിൻവലിച്ചത് അതേ ഫണ്ടിലേക്ക് തിരിച്ചടക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയത് പ്രകാരം തുക ഒടുക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-19 ടാങ്കറുകളിൽ കടിവെള്ള വിതരണം - ചെലവ് രേഖകൾ ഹാജരാക്കിയില്ല - ₹1474308/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

പ്രോജക്ട്നമ്പർ ,പേര് – 188/20,ടാങ്കറുകളിൽ കടിവെള്ള വിതരണം

അടങ്കൽ -1600000/- തനത് ഫണ്ട്

ചെലവ് -1489200/-

വൌച്ചർ നമ്പർ -21901332/18-1-20,1474308/-

സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പദ്ധതി പ്രകാരം പഞ്ചായത്തിൽ വിവിധ വാർഡുകളിൽ കുടിവെള്ളം വിതരണം നടത്തിയ ഇനത്തിൽ രാജീവൻ പി എന്നവർക്ക് 1474308/- രൂപയും, ഇൻകം ടാക്സ് ഇനത്തിൽ 14892/- രൂപയും അടക്കം 1489200/- രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതിയുമായി ബന്ധപ്പെട്ട് താഴെ പറയുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല.

1) പദ്ധതി നടപ്പിലാക്കുന്നതിന് ടെണ്ടർ ക്ഷണിച്ചത് സംബന്ധിച്ച രേഖകൾ

2) കുടിവെള്ളം വിതരണം നടത്തിയതുമായി ബന്ധപ്പെട്ട് വണ്ടി ഓടിയതിന്റെ ട്രീപ്പ് ഷിറ്റ്

3) മേൽ പറഞ്ഞ തുക രാജീവൻ പി എന്നവർക്ക് നൽകിയിരിക്കുന്നത് വണ്ടി ഓടിയതിന്റെ ജി പി എസ് മീറ്റർ പ്രകാരമുള്ള തുകയാണോ അതോ ട്രീപ്പ് ഷിറ്റ് പ്രകാമുള്ളതാണോ എന്നത് സംബന്ധിച്ച വിവരങ്ങൾ.

മേൽ പറഞ്ഞ രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് അന്വേഷണത്തിന് 27/28-04-2022 മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പറഞ്ഞ രേഖകൾ ഹാജരാക്കാത്തതിനാൽ 1474308/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി 1474308/- രൂപയുടെ തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-20 ചെലവ് രേഖകൾ ഹാജരാക്കിയില്ല -157110/- തടസ്സപ്പെടുത്തുന്നു.

2019 -20 വർഷത്തെ സുലേഖ ചെലവ് പത്രിക പ്രകാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെ പറയുന്ന പദ്ധതികളുടെ ചെലവു രേഖകൾ ഹാജരാക്കിയില്ല.

| ക്രമ നമ്പർ | പ്രോജക്ട്നമ്പർ ,പേര് | അടങ്കൽ | സുലേഖ പ്രകാരമുള്ള ചെലവ് തുക |
|---|---|---|---|
| 1 | 164/20 മാലിന്യ നിർമ്മാണർജ്ജനം-രണ്ടാം ഘട്ടം(സ്പിൽ ഓവർ) | 18722 (വികസന ഫണ്ട്) | 18722 |
| 2 | 284/20 മാർക്കറ്റ് കംഫർട്ട് സ്റ്റേഷൻ വൈദ്യുതി കണക്ഷന വേണ്ടി എ ബി സി കേബിൾ സ്ഥാപിക്കൽ | 80000(തനത് ഫണ്ട്) | 80000 |
| 3 | 313/20 കേരള ജല അതോറിറ്റിക്ക് അടയ്ക്കേണ്ട കുടിശ്ശിക | 8388 (വികസന ഫണ്ട്) | 8388 |
| 4 | 315/20 തെരുവിളക്ക് അറ്റകുറ്റ പ്പണി | 50000(തനത് ഫണ്ട്) | 50000 |
| | | ആകെ | 157110 |

മേൽ പദ്ധതികൾ നടപ്പിലാക്കിയതിന് രേഖകൾ ഹജരാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് 22/27-04-2022 മറുപടി ലഭ്യമാക്കിയിട്ടില്ല.ചെലവ് രേഖകൾ ഹാജരാക്കി 157110/- രൂപയുടെ തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-21 ലൈഫ് ഭവന പദ്ധതി -ജനറൽ- ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല - തുക തിരികെ ഈടാക്കേണ്ടതാണ്

| നിർവ്വഹണ | വില്ലേജ് എക്സ്റ്റൻഷൻ |
|---|---|

| | |
|---|---|
| ഉദ്യോഗസ്ഥൻ | ഓഫീസർ,ചിറക്കൽ |
| പദ്ധതിയുടെ പേര് | ലൈഫ് ഭവന പദ്ധതി -ജനറൽ |
| പ്രൊജക്ട് നം | 43/19-20 |
| അടങ്കൽ | 1600000/- |
| ചെലവ് | 1600000/- |

ലൈഫ് ഭവന പദ്ധതി -ജനറൽ പ്രകാരം സീനത്തു ബാനു .വി.എൻ ,മുംതാസ് മൻസിൽ ,പള്ളിക്കുന്നമ്പ്രം ,വളപട്ടണം(വാർഡ്1) എന്ന ഗുണഭോക്താവിന് താഴെ പറയുന്ന പ്രകാരം തുക അനുവദിച്ചിട്ടുണ്ട്.

ഒന്നാം ഗഡു - 40,000/- (ബിൽ നം 28/19-20; 320000/- തീയതി 28.01.20 )

രണ്ടാം ഗഡു- 1,60,000/- (ബിൽ നം 30/19-20; 320000/- തീയതി 05.02.20) ,
ആകെ 200000/-

മേൽ പറഞ്ഞ ഗുണഭോക്താവിന്റെ ഭവന നിർമ്മണം പൂർത്തീകരിച്ചിട്ടുണ്ടോ എന്ന വിവരം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം 17 തീയതി 26.04.22) നാളിതുവരെ വീടിന്റെ തറനിർമ്മാണം വരെയുള്ള പ്രവൃത്തികളാണ് ചെയ്തിട്ടുള്ളതെന്നും, വീടിന്റെ തുടർന്നുള്ള പ്രവൃത്തികൾ ചെയ്തിട്ടില്ലെന്നും, ആയതിനാൽ റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതും അല്ലാത്തപക്ഷം തുക തിരികെ ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-22 സാന്ത്വന പരിചരണ പരിപാടിയുമായി ബന്ധപ്പെട്ട അപാകതകൾ - ₹ 4,75,733 തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പദ്ധതിയുടെ പേര് | സാന്ത്വന പരിചരണ പരിപാടി |
| പ്രൊജക്ട് നം | 35/20 |
| അടങ്കൽ | ₹8,54,549/- (₹7,04,549- വികസനഫണ്ട്, ₹50,000 – തനത് ഫണ്ട്, ₹1,00,000 - ബ്ലോക്ക് പഞ്ചായത്ത് വിഹിതം) |
| ബിൽനം/ചെക്ക് നം/തീയ്യതി/തുക | 3/19-20 തീയതി 06.06.2019 ₹36,900<br>4/19-20 തീയതി 06.06.2019 ₹36,900<br>9/19-20 തീയതി 27.07.2019 ₹36,800<br>10/19-20 തീയതി 29.07.2019 ₹99,987<br>11/19-20 തീയതി 14.08.2019 ₹36,800<br>12/19-20 തീയതി 14.08.2019 ₹49,974<br>16/19-20 തീയതി 07.09.2019 ₹38,000<br>17/19-20 തീയതി 10.10.2019 ₹36,800<br>21/19-20 തീയതി 12.11.2019 ₹36,800<br>23/19-20 തീയതി 30.12.2019 ₹36,800<br>24/19-20 തീയതി 14.01.2020 ₹36,800<br>ചെക്ക് നം 0722903 തീയതി 20.01.2020 ₹49,998 (ബ്ലോക്ക് പഞ്ചായത്ത് വിഹിതം)<br>26/19-20 തീയതി 12.02.2020 ₹36,800<br>37/19-20 തീയതി 21.03.2020 ₹32,500<br>42/19-20 തീയതി 27.03.2020 ₹73,500<br>43/19-20 തീയതി 17.03.2020 ₹4,500 |

| | |
|---|---|
| | ചെക്ക് നം 0722910 തീയതി 28.03.2020 ₹49,999 (ബ്ലോക്ക് പഞ്ചായത്ത് വിഹിതം)<br>ആകെ - ₹7,29,858 |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ,<br>പി എച്ച് സി,<br>ചിറക്കൽ |

പഞ്ചായത്തിലെ കിടപ്പ് രോഗികളായവർക്ക് സാന്ത്വനപരിചരണം നൽകുന്നതിനായി പാലിയേറ്റീവ് കെയർ നഴ്സിന്റെ വേതനം, വാടകയ്ക്കെടുത്ത വാഹനത്തിന്റെ പ്രതിദിന ചാർജ്ജ്, ഹോംകെയർ, കുടുംബസംഗമം, മറ്റ് ചെലവുകൾ എന്നീയിനങ്ങളിലെ ചെലവുകൾക്കായാണ് പ്രോജക്ട് രൂപീകരിച്ചിരിക്കുന്നത്.പദ്ധതിയുമായി ബന്ധപ്പെട്ട് ചുവടെ ചേർത്ത അപാകതകൾ കാണാൻ സാധിച്ചു.

1. സുലേഖ പ്രകാരം ആകെ പദ്ധതി ചെലവ് 8,49,633 രൂപയാണ്. എന്നാൽ 7,29,858 രൂപ ചെലവഴിച്ചതുമായി ബന്ധപ്പെട്ട രേഖകൾ മാത്രമാണ് പരിശോധക്ക് ഹാജരാക്കിയത്. ബാക്കി 1,19,775 രൂപ ചെലവഴിച്ചതുമായി ബന്ധപ്പെട്ട ചെലവ് രേഖകൾ ലഭ്യമാക്കിയിട്ടില്ല.

2. സർക്കാർ ഉത്തരവ് (സാധാ) നമ്പർ 553/2019/ ത.സ്വ.ഭ.വ തീയതി 7.3.2019പ്രകാരം പാലിയേറ്റീവ് കെയർ പദ്ധതിയുമായി ബന്ധപ്പെട്ട പുതുക്കിയ മാർഗ്ഗരേഖ സർക്കാർ പുറപ്പെടുവിച്ചതാണ്. പ്രസ്തുത ഉത്തരവിലെ ഖണ്ഡിക 2.9.1 പ്രകാരം പാലിയേറ്റീവ് കെയർ പ്രോജക്ടിന്റെ നടത്തിപ്പിനും മേൽനോട്ടം വഹിക്കുന്നതിനുമായി ഓരോ സാമ്പത്തിക വർഷാവസാനത്തിനുമുൻപും പാലിയേറ്റീവ് കെയർ മാനേജിംഗ് കമ്മിറ്റി രൂപീകരിക്കേണ്ടതും രണ്ട് മാസത്തിലൊരിക്കലോ ആവശ്യാനുസരണമോ യോഗം ചേരേണ്ടതുമാണ്. എന്നാല് മാനേജിംഗ് കമ്മിറ്റിയുടെ പ്രവർത്തനങ്ങൾ പരിശോധിക്കുന്നതിന് പി.എം.സി മിനിട്സ് ബുക്ക് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

3. മാർഗരേഖ ഖണ്ഡിക 2.4.2 പ്രകാരം പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ ഫലപ്രദമായും സുഗമമായും മുന്നോട്ടുകൊണ്ടു പോകുന്നതിനായി ഒരു പാലിയേറ്റീവ് കെയർ നിർവ്വഹണ കമ്മിറ്റി ഓരോ പഞ്ചായത്തും രൂപീകരിക്കേണ്ടതാണ്. എല്ലാ മാസവും 5 ാം തീയതിക്കുമുമ്പായി ഈ കമ്മിറ്റി യോഗം ചേർന്ന് പാലിയേറ്റീവ് കെയർ നിർവ്വഹണം വിലയിരുത്തേണ്ടതാണ്. ഗ്രാമ പഞ്ചായത്തിൽ പാലിയേറ്റീവ് കെയർ നിർവ്വഹണ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമല്ല. ഇതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

4. മാർഗരേഖ ഖണ്ഡിക 2.16 പ്രകാരം ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയും ക്ഷേമകാര്യസ്റ്റാന്റിഗ് കമ്മിറ്റിയും പാലിയേറ്റീവ് കെയർ സംബന്ധിച്ച പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യേണ്ടതാണ്. പ്രോജക്ട് രൂപീകരണ ഫോറം പ്രകാരം മോണിറ്ററിംഗിനായി ആരോഗ്യം വർക്കിംഗ് ഗ്രൂപ്പിനെയാണ് നിശ്ചയിച്ചിരിക്കുന്നത്. എന്നാൽ മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല.

5. മാർഗരേഖ ഖണ്ഡിക 2.6.3 പ്രകാരം പാലിയേറ്റീവ് കെയർ ആവശ്യമുള്ള രോഗികളെ പരിശോധിക്കുന്ന ഹോം കെയർ ടീമിന്റെ വിവരങ്ങൾ ഹോം കെയർ റിപ്പോർട്ട് ബുക്കിൽ രേഖപ്പെടുത്തേണ്ടതും ഹോം കെയർ ആരംഭിച്ച സമയം, ഓരോ രോഗികളുടെ വീട്ടിൽ എത്തിയതും തിരിച്ചിറങ്ങിയതുമായ സമയം, ആകെ കണ്ട രോഗികളുടെ എണ്ണം, ഉച്ചഭക്ഷണത്തിന് നിർത്തിയ സമയം, നേരത്തെ അവസാനിപ്പിച്ചെങ്കിൽ കാരണം, അവസാനിപ്പിച്ച സമയം, ടീമംഗങ്ങൾ എത്തിയതും പോയതുമായ സമയം തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണ്. ആഴ്ചയിൽ ഒരു പ്രാവശ്യം മെഡിക്കൽ ഓഫീസർ ഹോം കെയർ ബുക്ക് സാക്ഷ്യപ്പെടുത്തേണ്ടതാണ്. എന്നാൽ ഹോംകെയർ ബുക്ക് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

6. വാഹന വാടക ഇനത്തിൽ പ്രതിദിനം 1100 രൂപ നിരക്കിൽ സി ദിനേശ് എന്ന വ്യക്തിക്ക് 2019 ഏപ്രിൽ മുതൽ 2020 ജനുവരി വരെ തുക അനുവദിച്ചിട്ടുണ്ട്. എന്നാൽ വാഹനത്തിന്റെ വാടക തുക നിശ്ചയിച്ചത് ക്വട്ടേഷൻ മുഖാന്തിരമാണോ എന്ന് വ്യക്തമല്ല. ഇതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധക്ക് ഹാജരാക്കിയിട്ടില്ല.

7. സാന്ത്വന പരിചരണ രോഗികൾക്കായി ക്വട്ടേഷൻ മുഖാന്തിരം മരുന്നുകൾ വാങ്ങിയതുമായി ബന്ധപ്പെട്ട് 2,49,958 (99,987 + 49,974 + 49,999 + 49,998) രൂപ നീതി മെഡിക്കൽസിന് അനുവദിച്ചിട്ടുണ്ട്. എന്നാൽ മരുന്നുകൾ സ്റ്റോക്കിൽ എടുത്തതിന്റെയോ വിതരണം ചെയ്തതിന്റെയോ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

8. സാന്ത്വന പരിചരണ രോഗികൾക്കായി ക്വട്ടേഷൻ മുഖാന്തിരം ചുവടെ ചേർത്ത ഉപകരണങ്ങൾ വാങ്ങിയതുമായി ബന്ധപ്പെട്ട് 1,06,000 (32,500 + 73,500) രൂപ ലിങ്ക് സർജ്ജിക്കൽസ് എന്ന സ്ഥാപനത്തിന് അനുവദിച്ചിട്ടുണ്ട്.

| ഉപകരണം | എണ്ണം |
|---|---|
| ട്രൈപോഡ് വാക്കിങ് സ്റ്റിക്ക് | 10 എണ്ണം |
| വാക്കർ ഫോൾഡിങ് ടൈപ്പ് | 11 എണ്ണം |
| വീൽ ചെയർ | 7എണ്ണം |

| | |
|---|---|
| എയർ ബെഡ് | 14 എണ്ണം |
| എൽബോ ക്രച്ചസ് | 6 എണ്ണം |
| പ്ലാസ്റ്റിക് കമ്മോഡ് ചെയർ | 30 എണ്ണം |
| വാട്ടർ ബെഡ് | 14 എണ്ണം |

എന്നാൽ ഉപകരണങ്ങൾ സ്റ്റോക്കിൽ എടുത്തതിന്റെയോ വിതരണം ചെയ്തതിന്റെയോ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം-33 തീയതി 28.04.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകളുടെ അടിസ്ഥാനത്തിൽ 4,75,733 (119775+249958+106000) തടസ്സപ്പെടുത്തുന്നു. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും രേഖകൾ ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതുമാണ്.

## 1-23 കാട്ടാമ്പള്ളി ജി.എം.യു.പി സ്കൂളിലെ ഏഴാം തരം വരെ ഹൈടെക്ക് വൽക്കരണം 7405/-രൂപ തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ, ഗവ.യു.പി സ്കൂൾ, കാട്ടാമ്പള്ളി |
| പദ്ധതിയുടെ പേര് | കാട്ടാമ്പള്ളി ജി.എം.യു.പി സ്കൂളിലെ ഏഴാം തരം വരെ ഹൈടെക്ക് വൽക്കരണം |
| പ്രൊജക്റ്റ് നം | 149/19-20 |
| അടങ്കൽ | 100000/- തനതുഫണ്ട് |
| ചെലവ് | 7405/-ചെക്ക് നം .5762333 തീയതി 19.03.20 |

മേൽ പദ്ധതിക്കായി തനതുഫണ്ടിൽ നിന്നും 7405/- കേരള സ്റ്റേറ്റ് ഐ.ടി. മിഷന്റെ 799011400003959 എന്ന അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന അപാകതകൾ കാണുകയുണ്ടായി.

1. തുക ചെലവഴിച്ചത് എന്ത് ഉപകരണം വാങ്ങാനാണ് എന്നു ഫയലിൽ നിന്നു വ്യക്തമല്ല.

2. കേരള സ്റ്റേറ്റ് ഐ.ടി മിഷന്റെ പ്രസ്തുത തുകയ്ക്കുള്ള ബില്ലുകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

മേൽ പറഞ്ഞ രേഖകളുടെ അഭാവത്തിൽ ചെലവ് തുകയായ7405/-രൂപ തടസ്സപ്പെടുത്തുന്നു.

## 1-24 പി എച്ച് സി ലാബിന് ഇൻവേർട്ടർ ₹ 94000 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പദ്ധതിയുടെ പേര് | പി എച്ച് സി ലാബിന് ഇൻവേർട്ടർ |
| പ്രൊജക്റ്റ് നം | 254/20 |
| അടങ്കൽ | ₹94,000/- (₹94,000 – മെയിന്റനൻസ് ഫണ്ട് (റോഡിതരം)) |
| ബിൽനം/ചെക്ക് നം/തീയ്യതി/തുക | 22/19-20 തീയതി 16.12.2019 ₹94,000<br>ആകെ - ₹94,000 |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ,<br>പി എച്ച് സി,<br>ചിറക്കൽ |

പദ്ധതിയുടെ ഭാഗമായി സിയോൺ പവർ സൊല്യൂഷൻസ് എന്ന സ്ഥാപനത്തിൽ നിന്ന് ടെണ്ടർ മുഖാന്തിരം ഇൻവേർട്ടർ പർച്ചേസ് ചെയ്തിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1) ആവശ്യമായ ഇൻവർട്ടറിന്റെ സ്പെസിഫിക്കേഷൻ സംബന്ധിച്ച വിശദാംശങ്ങൾ ടെണ്ടർ നോട്ടീസിൽ ഉൾപ്പെടുത്തിയിട്ടില്ല.

2) ഇൻവർട്ടർ സ്ഥാപനത്തിൽ സ്ഥാപിച്ചിട്ടുണ്ട് എന്ന് തെളിയിക്കുന്നതിന് ഇൻസ്റ്റലേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.

3) ഇൻവർട്ടർ സ്റ്റോക്കിൽ എടുത്തത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം-33 തീയതി 28.04.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകളുടെ അടിസ്ഥാനത്തിൽ ചെലവ് തുക ₹94000 തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-25 സമഗ്ര കൊതുക് നിയന്ത്രണ പദ്ധതി - ₹103200 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പദ്ധതിയുടെ പേര് | സമഗ്ര കൊതുക് നിയന്ത്രണം |
| പ്രൊജക്ട് നം | 39/20 |
| അടങ്കൽ | ₹3,00,000/- (₹3,00,000 – തനത് ഫണ്ട്) |
| ബിൽനം/ചെക്ക് നം/തീയ്യതി/തുക | ചെക്ക് നം 5624065 തീയതി 23.11.2019 ₹8,160<br>ചെക്ക് നം 5624077 തീയതി 27.12.2019 ₹21,600<br>ചെക്ക് നം 434846 തീയതി 24.02.2020 ₹16,320<br>ചെക്ക് നം 5762330 തീയതി 19.03.2020 ₹24,000<br>ചെക്ക് നം 5762313 തീയതി 25.02.2020 ₹26,400<br>ചെക്ക് നം 5762341 തീയതി 27.03.2020 ₹6,720<br>ആകെ - ₹1,03,200 |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ,<br>പി എച്ച് സി,<br>ചിറക്കൽ |

പദ്ധതിയുടെ ഭാഗമായി പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ കീടനാശിനി തളിച്ചതിന് പ്രതിദിനം 240 രൂപ നിരക്കിൽ കൂലി അനുവദിക്കുന്നതിനാണ് തുക ചെലവഴിച്ചിട്ടുള്ളത്. ഇതുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1) പ്രതിദിനം 240 രൂപ നിരക്കിൽ തുക നിശ്ചയിച്ചത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

2) കീടനാശിനി തളിച്ചതുമായി ബന്ധപ്പെട്ട് വിമല പി, രാകേഷ് സി എച്ച്, എം കരീം, ബഷീർ ടി സി, അരുൺ കെ എന്നിവർക്കാണ് തുക അനുവദിച്ചിട്ടുള്ളത്. എന്നാൽ ഇവരെ തെരഞ്ഞെടുത്തതിന്റെ മാനദണ്ഡം വ്യക്തമല്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം-32 തീയതി 28.04.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകളുടെ അടിസ്ഥാനത്തിൽ ₹103200 തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-26 സമഗ്ര ആരോഗ്യ പരിപാടി ₹80250 തടസ്സപ്പെടുത്തുന്നു.

1.

| | |
|---|---|
| പദ്ധതിയുടെ പേര് | സമഗ്ര ആരോഗ്യ പരിപാടി |
| പ്രൊജക്ട് നം | 42/20 |
| അടങ്കൽ | ₹80,000/ – തനത് ഫണ്ട്) |
| ബിൽനം/ചെക്ക് നം/തീയ്യതി/തുക | ചെക്ക് നം 10061923 തീയതി 18.06.2019 ₹10,500<br>ചെക്ക് നം 10062595 തീയതി 06.08.2019 ₹10,500<br>ചെക്ക് നം 10069289 തീയതി 16.10.2019 ₹12,000<br>ചെക്ക് നം 5624071 തീയതി 03.12.2019 ₹21,000<br>ചെക്ക് നം 10068858 തീയതി 07.02.2020 ₹14,250<br>ആകെ - ₹68,250 |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ,<br>പി എച്ച് സി,<br>ചിറക്കൽ |

2.

| | |
|---|---|
| പദ്ധതിയുടെ പേര് | സമഗ്ര ആരോഗ്യ പരിപാടി -സ്പിൽ ഓവർ |
| പ്രൊജക്റ്റ് നം | 190/20 |
| അടങ്കൽ | ₹26,750/- തനത് ഫണ്ട് |
| ബിൽനം/ചെക്ക് നം/തീയ്യതി/തുക | ചെക്ക് നം 10062572 തീയതി 23.07.2019 ₹12,000 |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ,<br>പി എച്ച് സി,<br>ചിറക്കൽ |

ചിറക്കൽ പി എച്ച് സി യിൽ നിന്ന് ജീവനക്കാരെ പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ ഇറക്കി പരിശോധനക്ക് ശേഷം തിരികെ പി എച്ച് സി യിൽ കൊണ്ട് വിട്ടതിന് വാഹന വാടക ഇനത്തിലെ തുക (പ്രതിദിനം 750 രൂപ) ഒടുക്കുന്നതിനാണ് പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്. ഇതുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1) പ്രതിദിനം 750 രൂപ നിരക്കിൽ വാഹന വാടക തുക നിശ്ചയിച്ചത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

2) വാഹന വാടക ഇനത്തിൽ രാജീവൻ കെ ടി, വൈജു കെ പി, അനിൽകുമാർ സി എന്നിവർക്കാണ് തുക അനുവദിച്ചിട്ടുള്ളത്. എന്നാൽ ഇവരെ തെരഞ്ഞെടുത്തതിന്റെ മാനദണ്ഡം വ്യക്തമല്ല.

3) 12.02.19, 19.02.19, 10.03.19, 12.03.19, 19.03.19 എന്നീ തിയതികളിൽ വാഹന വാടക ഇനത്തിൽ 3750 രൂപ (പ്രതിദിനം 750 രൂപ നിരക്കിൽ) രാജീവൻ കെ ടി എന്നവർക്ക് അനുവദിക്കേണ്ടതാണ്. എന്നാൽ സന്തോഷ് ടി എന്നവരുടെ അക്കൗണ്ടിലേക്കാണ് (നം. 67328017697) തുക കൈമാറിയിട്ടുള്ളത്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം-34 തീയതി 28.04.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകളുടെ അടിസ്ഥാനത്തിൽ ₹80250 (68250+12000) തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-27 സംയുക്ത പരിശോധന നടത്താത്തതിനാൽ ഇലക്ട്രിസിറ്റി ചാർജ് അടവാക്കുന്നതിന്റെ ആധികാരികത പരിശോധിക്കാനായില്ല.

തനത് ഫണ്ട് ചെലവുകൾ സംബന്ധിച്ച വൗച്ചറുകൾ പരിശോധിച്ചതിൽ വളപട്ടണം ഇലക്ട്രിക്കൽ സെക്ഷൻ - തെരുവ് വിളക്കുകളുടെ ഇലക്ട്രിസിറ്റി ചാർജ് (കൺസ്യൂമർ നം 1001500) അടവാക്കുന്നതിനായി താഴെ പ്രതിപാദിക്കും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| ക്രമനമ്പർ | വൌച്ചർ നമ്പർ /തീയ്യതി | തുക |
|---|---|---|
| 1 | 21900038/4/4/2019 | 113258 |
| 2 | 21900138/9/5/2019 | 113258 |
| 3 | 21900256/7/6/2019 | 113258 |
| 4 | 21900386/8/7/2019 | 113258 |
| 5 | 21900537/5-8-19 | 122237 |
| 6 | 21900661/5-9-19 | 124969 |
| 7 | 21900800/5-10-19 | 124969 |
| 8 | 21900954/5-11-19 | 124969 |
| 9 | 21901148/7-12-19 | 130139 |
| 10 | 21901266/1-1-19 | 122619 |
| 11 | 21901453/6-2-20 | 126619 |
| 12 | 2190163/5-3-20 | 126619 |
| | ആകെ | 14,56,172 |

ധനവിനിയോഗത്തിന്റെ സാധുത പരിശോധിക്കുന്നതിനായി ഗ്രാമപഞ്ചായത്തും കെ എസ് ഇ ബി യുമായി ചേർന്ന് നടത്തിയ സംയുക്ത പരിശോധനാ റിപ്പോർട്ട്, തെരുവ് വിളക്കുകളുടെ എണ്ണം സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തിയ സ്റ്റോക്ക് രജിസ്റ്റർ, എന്നിവ ഹാജരാക്കേണ്ടതാണെന്ന് കാണിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ

11/20.04.22 ന് മറുപടി ഹാജരാക്കിയിട്ടില്ല. ആയതിനാൽ എത്രയും പെട്ടെന്ന് കെ എസ് ഇ ബി യുമായി ചേർന്ന് തെരുവുവിളക്കുകളുടെ സംയുക്ത പരിശോധന നടത്തേണ്ടതും ഉപയോഗിക്കുന്ന വൈദ്യുതിക്കു മാത്രമാണ് വൈദ്യുതി ചാർജ്ജ് ഒടുക്കുന്നതെന്ന് ഉറപ്പു വരുത്തുന്നതിനുള്ള തുടർ നടപടികൾ (മീറ്റർ സ്ഥാപിക്കുന്നതുൾപ്പെടെ) സ്വീകരിക്കേണ്ടതുമാണ്.

## 1-28 കാട്ടാമ്പള്ളി ജി.എം യു.പി സ്കൂളിലേക്ക് ഫർണിച്ചർ വാങ്ങൽ രേഖകൾ ഹാജരാക്കേണ്ടതാണ് - 294000/- രൂപ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ, ഗവ.യു.പി സ്കൂൾ, കാട്ടാമ്പള്ളി |
| പദ്ധതിയുടെ പേര് | കാട്ടാമ്പള്ളി ജി.എം യു.പി സ്കൂളിലേക്ക് ഫർണിച്ചർ |
| പ്രൊജക്റ്റ് നം | 160/19-20 |
| അടങ്കൽ | 300000/-തനതു ഫണ്ട് |
| ചെലവ് | 294000/- ചെക്ക് നം .429965 തീയതി 26.02.20 |

കാട്ടാമ്പള്ളി ജി.എം യു.പി സ്കൂളിലേക്ക് ഫർണിച്ചർ വാങ്ങുന്നതിനാണ് പ്രൊജക്റ്റ്. ബേബി ബെഞ്ച്&ബേബി ഡസ്ക് 20 സെറ്റ്, സാധാരണ ബെഞ്ച്&ഡസ്ക് 40 എണ്ണം എന്നിങ്ങനെ വിതരണം നടത്തുന്നതിനായാണ് ടെൻഡർ പരസ്യം നൽകിയിരിക്കുന്നത്.ടെൻഡർ ലഭിച്ച സ്ഥാപനങ്ങളിൽ നിന്നും, 22.10.19 തീയതിയിലെ പ്രൊക്യൂർമെന്റ് കമ്മിറ്റി തീരുമാന പ്രകാരം അർജ്ജുൻ അസോസിയേറ്റ്സ് ഹാജരാക്കിയ ടെൻഡർ അംഗീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ടെൻഡർ പ്രകാരം യൂണിറ്റിന് 4900/-രൂപയാണ് ക്വാട്ട് ചെയ്തിരിക്കുന്നത്. പദ്ധതി നടത്തിപ്പിനായി 294000/- സ്ഥാപനത്തിന്റെ 118111100001404 എന്ന അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. എന്നാൽ അർജ്ജുൻ അസോസിയേറ്റ്സ് ഹാജരാക്കിയ ഒറിജിനൽ ബില്ലുകളോ, ഫർണിച്ചറുകളുടെ സ്റ്റോക്ക് രജിസ്റ്ററോ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ബില്ലിന്റേയും, സ്റ്റോക്ക് രജിസ്റ്ററിന്റേയും അഭാവത്തിൽ ഫർണിച്ചറുകളുടെ എണ്ണം, ഇനം എന്നതു വ്യക്തമല്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.19/27.4.22) മറുപടി നൽകിയിട്ടില്ല. മേൽ പറഞ്ഞ രേഖകളുടെ അഭാവത്തിൽ 294000/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-29 ഹെഡ്മാസ്റ്റർ നടപ്പിലാക്കിയ പദ്ധതിയിലെ അപാകതകൾ

1.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ, ഗവ.യു.പി സ്കൂൾ, കാട്ടാമ്പള്ളി |
| പദ്ധതിയുടെ പേര് | സ്കൂൾ ലൈബ്രറികൾക്ക് പത്ര-മാസിക വിതരണം |
| പ്രൊജക്റ്റ് നം | 298/20 |
| അടങ്കൽ | 64000/- തനതുഫണ്ട് |
| ചെലവ് | 64000/- ചെക്ക് നം. 5762352 തീയതി 31.03.20 |

ഗ്രാമപഞ്ചായത്ത് പരിധിയിലെ 15 സ്കൂളുകൾക്ക് ദേശാഭിമാനി ദിനപ്പത്രവും, തത്തമ്മ ദ്വൈവാരികയും വിതരണം ചെയ്യുന്നതിനാണ് പദ്ധതി. പദ്ധതിക്കായി മേൽ പറഞ്ഞ തുക ദേശാഭിമാനിയുടെ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. എന്നാൽ പത്രമാസികകൾ സ്കൂളുകൾക്ക് ലഭ്യമായിട്ടുണ്ട് എന്ന സ്കൂൾ അധികൃതരുടെ സാക്ഷ്യപത്രങ്ങളൊന്നും ഫയലിൽ

ലഭ്യമല്ല.ഇത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.20/27.4.22) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

2.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ |
| പ്രോജക്ടിന്റെ നമ്പർ / പേര് | തുടർ സാക്ഷരതാ പ്രവർത്തനങ്ങൾ 41/19-20 |
| അടങ്കൽ | 101500/-(തനത് ഫണ്ട്) |
| ചെലവ് | 30000/- ചെക്ക് നം 5762332 തീയതി 19.03.20 |

പത്താംതരം, ഹയർ സെക്കണ്ടറി തുല്യതാ പഠനം എന്ന പദ്ധതി പ്രകാരം 6പത്താംതരം തുല്യതാ പഠിതാക്കൾക്കായി ₹10500 (1750x6) കേരള സംസ്ഥാന സാക്ഷരത മിഷന്റെ 57026996123 അക്കൗണ്ടിലേക്കും 8 ഹയർ സെക്കണ്ടറി തുല്യതാ പഠിതാക്കൾക്കായി 17600/- രൂപ(2200x8 ) 02880100113107 അക്കൗണ്ടിലേക്കും ആകെ ₹28100/- ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തിട്ടുണ്ട്. ഇത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 21/27.4.22) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്. പഠിതാക്കൾ കോഴ്സ് പൂർത്തീകരിച്ചതിന്റേയും പരീക്ഷ എഴുതിയതിന്റെയും വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-30 വിവാഹ ധനസഹായം(എസ്.സി)അപാകതകൾ

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| പ്രൊജക്ട് നമ്പർ | 15/19-20,വിവാഹ ധനസഹായം(എസ്.സി) |
| അടങ്കൽ | 1500000( വികസനഫണ്ട് എസ്.സി.പി) |
| ചെലവ് | 1200000(വികസനഫണ്ട് എസ്.സി.പി)<br>ബിൽ നം.02/2019-20 /06.07.2019 – 3,00,000/-<br>ബിൽ നം.03/2019-20 /18.07.2019 – 2,25,000/-<br>ബിൽ നം.04/2019-20 /07.11.2019 – 75,000/-<br>ബിൽ നം.06/2019-20 /16.12.2019 – 75,000/-<br>ബിൽ നം.08/2019-20 /20.01.2020 – 75,000/-<br>ബിൽ നം.11/2019-20 /16.03.2020 – 4,50,000/- |

പട്ടികജാതി വിഭാഗത്തിൽപെട്ട പെൺകുട്ടികൾക്ക് വിവാഹധനസഹായം അനുവദിക്കുന്നതിനുള്ള ഈ പദ്ധതി പ്രകാരം 16 ഗുണഭോക്താക്കൾക്ക് 75,000/- രൂപ വീതം ആകെ 1200000/-രൂപ അനുവദിച്ചിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖ സ.ഉ.(കൈ )നം.22/2018/തസ്വഭവ തീയതി 14.02.2018 ഉത്തരവ് ഖണ്ഡിക 7.2.1 പ്രകാരം പട്ടികജാതി വികസന വകുപ്പിൽ ഈ ധനസഹായത്തിന് അപേക്ഷിച്ചവർ തദ്ദേശഭരണ സ്ഥാപനത്തിൽ അപേക്ഷ നൽകാൻ പാടില്ല എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ മേൽ പദ്ധതിയുടെ ഫയലുകളിൽ പട്ടികജാതി വികസന വകുപ്പിൽ നിന്നും വിവാഹധനസഹായം ലഭിച്ചിട്ടില്ല എന്ന സാക്ഷ്യപത്രം സൂക്ഷിച്ചിട്ടില്ല. പദ്ധതികൾ നടപ്പിലാക്കുമ്പോൾ സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-31 പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിനിയോഗ സാക്ഷ്യ പത്രം /രേഖകൾ ഹാജരാക്കിയില്ല.

തനത് ഫണ്ട് ചെലവുകൾ സംബന്ധിച്ച ഫയലുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന പ്രവൃത്തികൾ പൂർത്തീകരിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

| വൗച്ചർ നമ്പർ/തീയ്യതി | തുക | റിമാക്സ് |
|---|---|---|
| 21900177/25-5-19 | 23707 | പനങ്കാവ് അംഗൻവാടിക്ക് സമീപത്തെ വൈദ്യുതി തൂൺ മാറ്റി സ്ഥാപിക്കുന്നതിന് KSEB പള്ളിക്കുന്നിന് അഡ്വാൻസ് നൽകിയത് |
| 21900298/14-3-19 | 16342 | കുതിരത്തടം മോട്ടോർ പമ്പ് സെറ്റ് ഇറക്കുന്നതിന് ഭൂജല വകുപ്പിന് നൽകിയത് |
| 21901178/13-12-19 | 8120 | 17-ാം വാർഡിൽ പട്ടേപ്പറമ്പ് റോഡിൽ ഗതാഗതത്തിന് തടസ്സമായി നിൽക്കുന്ന ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിന് KSEB അഡ്വാൻസ് നൽകിയത് |
| 21900495/1-8-19, | 17000 | ഒ ഡി എഫ് ന്റെ ഭാഗമായി ചുമർ ചിത്രങ്ങളും ബോർഡും സ്ഥാപിച്ചതിന് അഭിരാമി ആർട്ടിസൻസിന് 17000/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ ചുമർ ചിത്രങ്ങളും ബോർഡും എവിടെയാണ് സ്ഥാപിച്ചത് എന്നത് സംബന്ധിച്ച രേഖകൾ ഹാജരാക്കിയിട്ടില്ല. |
| 21901630/5-3-20 | 14280 | ലൈഫ് ഭവന പദ്ധതി പൂർത്തീകരണ പ്രഖ്യാപനത്തിന്റെ ഭാഗമായി ഗുണഭോക്താക്കൾക്ക് പ്രഷർ കുക്കർ സമ്മാനമായി നൽകുന്നതിന് പ്രീമിയർ ഹോം ഷോപ്പ് ,കണ്ണൂർ എന്ന സ്ഥാപനത്തിൽ നിന്നും 24 എണ്ണം ഒന്നിന് 595 രൂപ നിരക്കിൽ 14280/- രൂപയ്ക്ക് വാങ്ങിയിട്ടുണ്ട്. പ്രഷർ കുക്കർ വിതരണം നടത്തിയത് സംബന്ധിച്ച വിവരങ്ങൾ ഹാജരാക്കിയിട്ടില്ല |

മേൽ പ്രവൃത്തികൾ പൂർത്തീകരിച്ചതിന്റെ രേഖകൾ /വിനിയോഗ സാക്ഷ്യ പത്രം എന്നിവ ഹാജാരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് 10/20-04-2022 മറുപടി ലഭ്യമാക്കിയിട്ടില്ല. എത്രയും വേഗം പ്രവൃത്തികൾ പൂർത്തികരിച്ചത് സംബന്ധിച്ച വിനിയോഗ സാക്ഷ്യപത്രം/രേഖകൾ ഹാജരാക്കേണ്ടതാണ്.

## 1-32 ഐ കെ എം വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

ഐ കെ എം വിഹിതം നൽകൽ എന്ന പദ്ധതിക്ക് വികസന ഫണ്ടിൽ നിന്ന് 95133/- രൂപ നിർവഹണ ഉദ്യോഗസ്ഥനായ സെക്രട്ടറി പിൻവലിച്ച് (ബിൽ നം. 15/24-9-19,) ഐ കെ എം പ്രോജക്ട് ഡയറക്ടറുടെ പേരിലുള്ള അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്യുകയും ആയതിന്റെ കൈപ്പറ്റ് രസീത് ലഭിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ പ്രസ്തുത തുകയുടെ വിനിയോഗ സാക്ഷ്യ പത്രം ലഭിച്ചിട്ടില്ല.

വിനിയോഗ സാക്ഷ്യ പത്രം ഹാജരാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 28/28-04-2022 മറുപടി ലഭ്യമാക്കിയിട്ടില്ല. ഐ കെ എം തുക വിനിയോഗിച്ചത് സംബന്ധിച്ച വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-33 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല.

സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെ പറയുന്ന പദ്ധതികളുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

| പ്രോജക്ട് നമ്പർ ,പേര് | അടങ്കൽ | ബിൽ നമ്പർ /തീയതി, തുക | റിമാർക്സ് |
|---|---|---|---|

| | | | |
|---|---|---|---|
| 307/20,രാഘവനഗർ കോളനിയിൽ ഇലക്ട്രിക്ക് പോസ്റ്റുകൾ മാറ്റൽ | 320000/- വികസന ഫണ്ട് | 25/11,7-3-20, 319998 | ചിറക്കൽ രാഘവനഗർ കോളനിയിൽ ഇലക്ട്രിക്ക് പോസ്റ്റുകൾ മാറ്റുന്നതിനു വേണ്ടി KSEB ക്ക് ഡെപ്പോസിറ്റ് ചെയ്തത് |
| 13/20 സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുന്നതിനുവേണ്ടി ഇലക്ട്രിക്ക് ലൈൻ വലിക്കൽ | 438335/-വികസന ഫണ്ട് പൊതു വിഭാഗം<br>100000/- വികസന ഫണ്ട് ധനകാര്യകമ്മിഷൻ ഗ്രാന്റ്<br>100000/- തനത് ഫണ്ട് | 32/20,19-3-20<br>38199/-വികസന ഫണ്ട് ധനകാര്യകമ്മിഷൻ ഗ്രാന്റ് | സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുന്നതിനു വേണ്ടി ഇലക്ട്രിക്ക് ലൈൻ വലിക്കുന്നതിനുവേണ്ടി അഴീക്കോട് ഇലക്ട്രിക്ക് സെക്ഷന് ഡെപ്പോസിറ്റ് ചെയ്തത് |

വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (28/28-04-2022) മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതികൾ പൂർത്തീകരിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

## 1-34 പനങ്കാവ് കുളം നവീകരണം - പ്രവൃത്തി ലക്ഷ്യം കൈവരിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

| | | |
|---|---|---|
| പ്രോജക്ടിന്റെ പേര് | 211/20 പനങ്കാവ് കുളം നവീകരണം<br>(ഈസ്റ്റ് സൈഡ് നവീകരണം) | 194/20പനങ്കാവ് കുളം നവീകരണം<br>(കുളം നവീകരണം) |
| അടങ്കൽ | ₹217278(വികസന ഫണ്ട്)<br>₹6,82,722(തനത് ഫണ്ട്) | 2,00000 (തനത് ഫണ്ട്)<br>400000(ജില്ലാപഞ്ചായത്ത് വിഹിതം) |
| ചെലവ് തുക(ബിൽ/വൗച്ചർ നമ്പർ) | ₹ 217278 (30/28.09.19)<br>₹6,58,867<br>(SB/XY 5075287/27.09.2019)<br>ആകെ ₹876145 | ₹1,69,025<br>(ചെക്ക് നം 5624038/17.08.2019)<br>₹4,00,000(ജില്ലാപഞ്ചായത്ത് വിഹിതം)<br>ആകെ ₹5,69,025 |
| കരാറുകാരന്റെ പേര് | രഞ്ജിത്ത് പി വി | രഞ്ജിത്ത് പി വി |
| എം ബുക്ക് നം | 09/20 | 185/18-19 |
| ആകെ പ്രവൃത്തി മൂല്യം | ₹ 8,76,145 | ₹5,69,025 |
| എഗ്രിമന്റ് നം | AE/CKL/101/LSGD/18-19 /26.02.2019 | AE/CKL/94/LSGD/17-18 /24.03.2018 |

| | | |
|---|---|---|
| പി എ സി | 876301 | ₹5,96,892 |
| എം ബുക്ക് പ്രകാരം പ്രവൃത്തി പൂർത്തീകരിച്ച തിയ്യതി | 30.05.2019 | 25.02.2019 |

പനങ്കാവ് കുളം നവീകരണവുമായി ബന്ധപ്പെട്ട് 2019-20 വർഷം താഴെകൊടുത്തിരിക്കുന്ന പ്രകാരം 2 പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. കുളത്തിന്റെ നവീകരണപ്രവൃത്തികൾ ആരംഭിക്കുന്നതിന് മുമ്പായി ഏത് രീതിയിലുള്ള നവീകരണ പ്രവൃത്തികളാണ് കുളത്തിന് ആവശ്യമായിട്ടുള്ളത് എന്ന് സൈറ്റ് പരിശോധിച്ച് ഉറപ്പുവരുത്തിയതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ റിപ്പോർട്ട്, എസ്റ്റിമേറ്റ് റിപ്പോർട്ട് എന്നിവ ഹാജരാക്കുന്നതിന് ഓഡിറ്റ് എൻക്വയറി (നം 35/28.04.22) നൽകിയെങ്കിലും മറുപടി ഹാജരാക്കുകയുണ്ടായില്ല. കുളം നവീകരിച്ച് ഉപയോഗപ്രദമാക്കുന്നതിനാവശ്യമായ മുഴുവൻ പ്രവൃത്തികളും ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കാത്തതിനാൽ കുളത്തിന്റെ നവീകരണ പ്രവൃത്തികൾ പൂർത്തിയായിട്ടില്ല എന്നും ആയത് ജനങ്ങൾക്ക് പ്രയോജനപ്പെടുന്നില്ല എന്നുമാണ് അന്വേഷണത്തിൽ അറിയാൻ സാധിച്ചത്. കുളം നവീകരണ പ്രവൃത്തികൾ പൂർത്തീകരിക്കാതെ പാതി ഘട്ടത്തിൽ ഉപേക്ഷിക്കാനിടയാക്കിയ സാഹചര്യം വ്യക്തമാക്കേണ്ടതും ചെലവു വന്ന തുക പാഴായിപ്പോകാതിരിക്കാൻ നടപടി സ്വീകരിക്കേണ്ടതുമാണ്. ജില്ലാപഞ്ചായത്ത് വിഹിതമായ ഫണ്ടിൽ നിന്നും അനുവദിച്ച ₹4,00,000 കരാറുകാരന് കൈമാറിയതിന്റെ ചെലവ് രേഖകൾ (ചെക്ക് നമ്പർ, വൗച്ചർ) പരിശോധനക്കായി ഹാജരാക്കേണ്ടതാണ്. പദ്ധതി പൂർണ്ണമായ രീതിയിൽ ലക്ഷ്യം കൈവരിക്കുന്നതിനാവശ്യമായ മുഴുവൻ പ്രവൃത്തികളും ഉൾപ്പെടുത്തി പദ്ധതി തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-35 സ്കൂളുകൾക്ക് ടോയ് ലെറ്റ് നിർമ്മാണം- രേഖകൾ ഹാജരാക്കേണ്ടതാണ്

സ്കൂളുകൾക്ക് ടോയ് ലെറ്റ് നിർമ്മാണം - രേഖകൾ ഹാജരാക്കേണ്ടതാണ് .

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ, ചിറക്കൽ പഞ്ചായത്ത്. |
| പ്രോജക്ടിന്റെ പേര് | 168/20 സ്കൂളുകൾക്ക് ടോയിലെറ്റ് നിർമ്മാണം (SO) |
| അടങ്കൽ | ₹616680(വികസന ഫണ്ട് ,ജനറൽ)<br>₹229534(തനത് ഫണ്ട്) |
| ചെലവ് തുക(ബിൽ/വൗച്ചർ നമ്പർ) | 1.₹ 229534 (5924098/06.02.2020)<br>2.₹306236 (04/14.05.2019)<br>3.₹310444(39/18.03.2020)<br>---------<br>846214 |
| കരാറുകാരന്റെ പേര് | ഇ പി ചന്ദ്രൻ |
| എം ബുക്ക് നം | 192,225,226/19-20 |
| ആകെ പ്രവൃത്തി മൂല്യം | ₹846214 |
| എഗ്രിമെന്റ് നം | AE/CKL/31A/18-19/10.10.18 |

മേൽ പ്രൊജക്ട് പ്രകാരം അലവിൽ, ആറാം കോട്ടം , കോട്ടക്കുന്ന് , പുഴാതി സെന്റർ, രാജാസ് , സരസ്വതി വിലാസം എന്നീ സ്കൂളുകളിൽ ടോയ് ലെറ്റ് നിർമ്മാണത്തിനായി തുക ചെലവഴിച്ചിട്ടുണ്ട്. പ്രവൃത്തിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് താഴെ കൊടുത്തിരിക്കുന്ന രേഖകൾ ഹാജരാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (4/19.4.22) മറുപടി ഹാജരാക്കിയിട്ടില്ല.

1. പദ്ധതിയിലുൾപ്പെടുത്തിയ സ്കൂളുകൾ ഏത് വിഭാഗത്തിലുൾപ്പെട്ടവയാണെന്ന് വ്യക്തമാക്കിയിട്ടില്ല. സർക്കാർ സ്കൂളുകൾ അല്ലാത്തവയുടെ അധികാരികളിൽ നിന്നും ടോയ് ലെറ്റുകളുടെ അനിവാര്യത അറിയിച്ചുകൊണ്ട് സമർപ്പിച്ച അപേക്ഷയോ ടോയ് ലെറ്റ് നിർമ്മിച്ച് നൽകുന്നതിന് സ്കൂളുകളെ തെരഞ്ഞെടുക്കുന്നതിന് ആധാരമാക്കിയ രേഖകളോ ഹാജരാക്കുന്നതിന് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ഹാജരാക്കുകയുണ്ടായില്ല.

2.പ്രവൃത്തിയുമായി ബന്ധപ്പെട്ട സാങ്കേതികാനുമതിയിൽ (No.46387/2018-19) പ്രവൃത്തി നടപ്പിലാക്കുന്നതിന് അനുവദിച്ചിട്ടുള്ള കാലയളവ് 6 മാസമാണ്. മേൽ സൂചിപ്പിച്ചിരിക്കുന്ന പ്രകാരം 10.10.2018 കരാറിലേർപ്പെട്ട പ്രവൃത്തി പൂർത്തീകരിച്ചിരിക്കുന്നത് 10.06.2019 ന് മാത്രമാണ്. സ്കൂൾ പ്രവൃത്തി ദിവസങ്ങളിൽ പ്രവൃത്തി നടത്താൻ സാധിക്കാത്തതിനാൽ പ്രവൃത്തിയിലുണ്ടായിട്ടുള്ള കാലതാമസത്തിന് പിഴ ഒഴിവാക്കുന്നതിന് കരാറുകാരൻ അപേക്ഷ നൽകിയിട്ടുണ്ട്. എന്നാൽ അപേക്ഷയിൽ തീയതി രേഖപ്പെടുത്താത്തതിനാൽ കരാറുകാരൻ യഥാസമയം സമയം ദിർഘിപ്പിച്ചുകിട്ടുന്നതിന് അപേക്ഷ നൽകിയിട്ടുണ്ടോ എന്ന് വ്യക്തമല്ല. പിഴകൂടാതെ പ്രവൃത്തി പൂർത്തീകരണത്തിന് കരാറുകാരന് സമയം ദീർഘിപ്പിച്ചു നൽകിയ ഭരണസമിതി തീരുമാനത്തിന്റെ പകർപ്പ് ഹാജരാക്കുന്നതിന് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും ഹാജരാക്കിയിട്ടില്ല. ഖണ്ഡികയിൽ പരാമർശിച്ച രേഖകൾ ഹാജരാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട രേഖകൾ കൃത്യമായി ഫയലിൽ സൂക്ഷിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-36 പദ്ധതി നിർവ്വഹണം രജിസ്റ്ററുകളും രേഖകളും കുറ്റമറ്റതായി സൂക്ഷിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

അസിസ്റ്റന്റ് എഞ്ചിനീയർ 2019-20 വർഷം നിർവ്വഹണം നടത്തിയ പദ്ധതികളുമായി ബന്ധപ്പെട്ട മുഴുവൻ രേഖകളും ഫയലിനോടൊപ്പം സൂക്ഷിച്ചിട്ടില്ല.

1. 2019-20 വർഷം അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പിലാക്കിയ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട ഭൂരിഭാഗം ഫയലുകളിലും ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നും സാങ്കേതിക അനുമതി ലഭിച്ചതിന്റെ രേഖകൾ, എസ്റ്റിമേറ്റ് റിപ്പോർട്ട്, എസ്റ്റിമേറ്റ് റിവൈസുചെയ്യുമ്പോൾ ആയതിന്റെ കാരണം വ്യക്തമാക്കുന്ന രേഖകൾ, എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

2.കരാറുകാരനുമായി ഏർപ്പെടുന്ന കരാറിൽ പൂർത്തീകരണ തീയതി രേഖപ്പെടുത്തിയിട്ടില്ല

3. എം ബുക്ക് സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

4.പൂർത്തിയാക്കിയ പ്രവൃത്തികളുടെ വിവരങ്ങൾ ചേർത്ത് ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല

5.റോഡ് സർവ്വേ നടപടികൾ പൂർത്തീകരിച്ച് കണക്കിവിറ്റി പ്ലാനും കണക്കിവിറ്റി മാപ്പും തയ്യാറാക്കിയിട്ടില്ല. മേൽ വസ്തുതകളുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 02/19.04.22) അപാകങ്ങൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചുകൊണ്ട് മറുപടി നൽകിയിട്ടുണ്ട്. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട ഫയലുകളും രജിസ്റ്ററുകളും കുറ്റമറ്റതായി സൂക്ഷിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-37 കരാറിലേർപ്പെട്ടതിന് കാലതാമസം -പിഴ ഈടാക്കിയില്ല.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2019-20 വർഷം കരാറുകാർ മുഖേന നടപ്പാക്കിയ താഴെപ്പറയുന്ന പ്രവൃത്തികൾക്ക് നിശ്ചിത സമയ പരിധിയ്ക്കകം എഗ്രിമെന്റ് വയ്ക്കാതിരുന്നിട്ടും കാലതാമസത്തിന് പിഴ ഈടാക്കിയിട്ടില്ല. കേരള പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2009.6 അനുസരിച്ച് ടെണ്ടർ സ്വീകരിച്ചതായുള്ള സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയ തീയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കാൻ നോട്ടീസിൽ വ്യക്തമാക്കണം. 14 ദിവസം കഴിഞ്ഞ് 10 ദിവസത്തിനകം PAC യുടെ 1% പിഴ ഈടാക്കിക്കൊണ്ട് (മിനിമം 1000/- രൂപയും മാക്സിമം 25000/- രൂപയും) കരാറുടമ്പടി വയ്ക്കാവുന്നതാണ്. ടെണ്ടർ അംഗീകരിച്ച കരാറുകാർക്ക് നൽകിയ സെലക്ഷൻ നോട്ടീസിൽ മേൽക്കാര്യങ്ങൾ വ്യക്തമാക്കിയിരുന്നവെങ്കിലും സെലക്ഷൻ നോട്ടീസ് കൈപ്പറ്റി 14 ദിവസത്തിനുള്ളിൽ കരാർ ചമയ്ക്കാതിരുന്ന ഏതാനും കരാറുകാർ തുടർന്നുള്ള ദിവസങ്ങളിൽ കരാർ ചമച്ചപ്പോൾ കരാർ തുകയുടെ 1% തുക ഫൈൻ ഇനത്തിൽ ഫൈനൽ ബില്ലിൽ നിന്നും ഈടാക്കിയിരുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര്, കരാറുകാരൻ | സെലക്ഷൻ നോട്ടീസ് തീയതി | കരാർ ചമച്ച തീയതി | ഫൈനൽ ബിൽ തുക ബിൽ നം./തീയതി | ഈടാക്കേണ്ടിയിരുന്ന ഫൈൻ |
|---|---|---|---|---|---|
| 1 | എ കെ ജി റോഡിൽ ഷണ്മുഖന്റെ | 24.09.2018 | AE/CKL /45/18.10.18 | ₹32226 31/16.12.2019<br>₹ 197774- 13/20.07.2019<br>₹33959 (വൗച്ചർ | 2639 |

| | | | | | |
|---|---|---|---|---|---|
| | വീട്ടുമുതൽ ചക്കത്തടം റോഡ് വരെ റോഡ് ടാറിംഗ് 167/20<br>രഞ്ചിത്ത് പി വി<br>PAC 263937 | | | ലഭ്യമല്ല) | |
| 2 | വൈദ്യർ മുക്ക് ശ്മശാനം റോഡ് റി ടാറിംഗ് 176/20<br>പി വി രഞ്ചിത്ത്<br>₹692784 | 07.01.2019 | AE/CKL /6B/18-19 /05.02.2019 | ₹692784<br>₹650000-2/14.05.19<br>₹42784-(83933/16.03.2019) | 6927 |
| 3 | ആറോ കോട്ടം എൽ പി സ്കൂൾ 200/20<br>രഞ്ചിത്ത് പി വി<br>283263 | 10.08.2018 | AE/CKL /12/18-19 /10.10.18 | 283263<br>₹280000<br>8/20.07.2019<br>₹3263 (18-19) | 2832 |
| 4 | ഹേമമാലിനി ഫുട്പാത്തിന് എതിർവശം റോഡ് ടാറിംഗ് 209/20<br>286732<br>പ്രസൂൺ പി | 10.08.2018 | AE/CKL /12/18-19 /10.10.18 | ₹286412<br>₹2,50,000-10/20.07.2019<br>₹36,412-(105665/29.03,19) | 2867 |
| 5 | പനങ്കാവ് കല്ല് കെട്ട് ചിറ മുത്തപ്പൻ കാവ് മുതൽ അസിനാർ പീടിക വരെ<br>206/20<br>പ്രസാദ് ഇ പി<br>773251 | 10.08.2018 | AE/CKL /10/10.10.18 | 773251<br>₹16/20.07.2019 | 7732 |
| 6 | ചിറക്കൽ PHC ചുറ്റമതിൽ പുനരുദ്ധാരണം 226/20<br>അജിത്ത് കുമാർ ഒ വി<br>451714 | 10.08.2018 | AE/CKL /17/10.10.18 | 376249<br>1) ₹194600-17/20.07.2019<br>2) ₹181649<br>105684/31.03.19 | 4517 |
| 7 | അലവിൽ | 10.08.2018 | AE/CKL | 122970 | 1229 |

| | | | | | |
|---|---|---|---|---|---|
